# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



ഏപ്രിൽ 2022 വാല്യം 61 ലക്കം 4

ഒരു മനുഷ്യൻവഴി മരണം ഉണ്ടായതുപോലെ
ഒരു മനുഷ്യൻവഴി പുനരുത്ഥാനവും ഉണ്ടായി.
1 കോറിന്തോസ് 15 : 21

# Festal Greetings



Mar George Punnakottil
Bishop Emeritus

Mar George Madathikandathil
Bishop, Eparchy of Kothamangalam

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും
അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും
രൂപതാ കുടുംബത്തിന്റെ തിരുനാൾ ആശംസകൾ...

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

മാർച്ച് 2022 വാല്യം 61 ലക്കം 3





## ഉള്ളടക്കം


5 സർക്കുലർ

9 നോമ്പുകാലസന്ദേശം

16 രൂപതക്കച്ചേരി

19 മൈനർ സെമിനാരി

20 വിജ്ഞാനഭവൻ

24 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

25 നിർമ്മല കോളേജ് ഓഫ് ഫാർമസി

25 നിർമ്മല സിവിൽ സർവീസ് അക്കാദമി

27 സോഷ്യൽ സർവീസ്

28 ചെറുപുഷ്പ മിഷൻലീഗ്

30 കെ. സി. എസ്. എൽ.

30 ഫാമിലി അപ്പോസ്തലേറ്റ്

32 പിതൃവേദി

33 മാതൃവേദി

35 ഡി. എഫ്. സി.

36 യുവദീപ്തി

37 ജീസസ് യൂത്ത്

38 പ്രാർഥനാഗ്രൂപ്പ്

39 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

40 കേരള ലേബർ മൂവ്മെന്റ്

41 നെസ്റ്റ് പ്രോഗ്രാം

41 തിരുനാൾ മംഗളങ്ങൾ

42 രൂപതാദ്ധ്യക്ഷന്റെ ഡയറി

47 Bishop's Engagements

48 നമ്മുടെ പ്രാർഥനയിൽ ഓർക്കാം

49 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
✆ 8281946306 ✉ bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 5 ദൈവകരുണാനുഭവം : വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം

Page 17 വി. മൂറോൻ

Page 17 മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ പട്ടസ്വീകരണം

Page 18 ദൈവകരുണയുടെ തിരുനാളിന് ഒരുക്കമായുള്ള നൊവേന

Page 18 ജൂബിലി സ്മാരക സ്കോളർഷിപ്പ്


## തിരുനാളുകൾ



10
ഓശാന ഞായർ



14
പെസഹാവ്യാഴം



15
പീഡാനുഭവവെള്ളി



16
വലിയ ശനി



17
ഉയിർപ്പു തിരുനാൾ



24
വി. ഗീവർഗീസ്



25
വി. മർക്കോസ്



29
സിയന്നായിലെ വി. കാതറിൻ

# ദൈവകരുണാനുഭവം: വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

അമ്പത് ദിവസത്തെ പ്രാർത്ഥനാനിർഭരമായ നോമ്പാചരണത്തിനും ഉപവാസത്തിനും ശേഷം വിശുദ്ധവാരത്തിലേക്കും നമ്മുടെ കർത്താവീശോമിശിഹായുടെ ഉത്ഥാനതിരുനാളിലേക്കും നാം പ്രവേശിക്കുകയാണ്. പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും തിരുനാളായ ഈസ്റ്ററിന്റെ പ്രാർത്ഥനാശംസകൾ സന്തോഷപൂർവം നേരുന്നു. ദൈവം നമുക്ക് നൽകിയ അനുഗ്രഹങ്ങൾക്കും നന്മകൾക്കും നന്ദി പറയുന്നതോടൊപ്പം നോമ്പാചരണത്തിലൂടെ ജീവിതത്തിൽ ലഭിച്ച ആത്മീയ ഊർജ്ജവും ശക്തിയും തുടർന്നുകൊണ്ടുപോകാനുള്ള കൃപയ്ക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. മരണത്തെയും പാപത്തെയും ജയിച്ച് ഉത്ഥിതനായ ഈശോ നമുക്കു നൽകുന്ന അടിസ്ഥാനസന്ദേശം മാനസാന്തരത്തിന്റെയും ജീവിതനവീകരണത്തിന്റേതുമാണ്. വി. ഗ്രന്ഥത്തിൽ, വളരെ പ്രത്യേകിച്ച് സുവിശേഷത്തിൽ, വിവരിക്കപ്പെടുന്ന സംഭവങ്ങളും പരിചയപ്പെടുന്ന വ്യക്തികളും മാനസാന്തരത്തിന്റെ സജീവ സാക്ഷ്യങ്ങളാണ്. മോശയും ദാവീദും സക്കേവൂസും പാപിനിയായ സ്ത്രീയും പത്രോസും പൗലോസുമൊക്കെ ഇത്തരത്തിൽ ദൈവത്തിന്റെ ഇടപെടൽ കൊണ്ട് ജീവിതത്തിൽ നവീകരണവും മാനസാന്തരവും സ്വീകരിച്ചവരാണ്. ഇതുപോലെ ധാരാളം ഉദാഹരണങ്ങൾ സഭയുടെ ചരിത്രത്തിലും വിശുദ്ധരുടെ ജീവിതത്തിലും നമുക്ക് കാണാനാകും.

ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നമ്മോടും ദൈവം ആവശ്യപ്പെടുന്നത് ഈ മാനസാന്തരം തന്നെയാണ്. 'മാനസാന്തരപ്പെടുവിൻ

സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു.' സ്നാപകന്റെ ഈ സന്ദേശം നമുക്കും ഹൃദയത്തിലേറ്റാം.

ജീവിതനവീകരണവും മാനസാന്തരവും നമ്മുടെ സ്വന്തം കഴിവോ, സിദ്ധിയോ വഴി സാധിക്കില്ല എന്ന് നാം തിരിച്ചറിയണം. മനുഷ്യന്റെ പരിമിതി ഇത്രമേൽ വെളിവാക്കപ്പെട്ട ഒരു കാലഘട്ടം ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാനിടയില്ല. പകർച്ചവ്യാധി മഹാമാരിയായി പെയ്തിറങ്ങിയപ്പോൾ നാം നിസ്സഹായരായി, നിരായുധരായി. ഇവിടെയാണ് ദൈവത്തിന്റെ കരുണാർദ്രസ്നേഹം നമ്മെ മാടി വിളിക്കുന്നത്. ദൈവത്തിന്റെ അടിസ്ഥാനഭാവമായ കരുണയിൽ പരിപൂർണ്ണമായി ആശ്രയിക്കാൻ നമുക്ക് സാധിക്കണം.

വിശുദ്ധ ഗ്രന്ഥത്തിലുടനീളം ദൈവത്തിന്റെ കരുണയുടെ ഭാവം നമുക്കു കാണാനാകും. പഴയനിയമത്തിൽ ആദിമാതാപിതാക്കന്മാർ ദൈവത്തിന്റെ കല്പന ലംഘിച്ച് പാപം ചെയ്തിട്ടും ലോകം മുഴുവനുമായി രക്ഷകനെ വാഗ്ദാനം ചെയ്ത് കരുണ കാണിക്കുന്ന ദൈവത്തെ കാണാം. ഈജിപ്തിലെ അടിമത്തത്തിൽനിന്നും ഇസ്രായേൽ ജനത്തെ രക്ഷിക്കുന്ന ദൈവത്തിന്റെ കരുണാർദ്രസ്നേഹം നമ്മെ പ്രത്യാശാനിർഭരരാക്കുന്നു. പുതിയനിയമത്തിൽ രക്ഷകനായ ഈശോമിശിഹാ തന്റെ പരസ്യജീവിതത്തിലുടനീളം തന്നെ സമീപിക്കുന്ന സകലർക്കും പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖം പ്രകടമാക്കിക്കൊടുക്കുന്നുണ്ട്. ഈശോയുടെ അത്ഭുതങ്ങളിലും രോഗശാന്തികളിലും ഇതു വ്യക്തമാണ്.

"നിങ്ങളുടെ പിതാവ് കരുണയുള്ളവൻ ആയിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36). ചുറ്റുമുള്ളവരെ അനുകമ്പയോടും കരുണയോടുംകൂടി പരിഗണിക്കുന്ന ഈശോയുടെ വചനം നമുക്ക് ആത്മീയ ഉണർവ്വിനു കാരണമാകണം.

വിശുദ്ധരും സഭാപിതാക്കന്മാരും ദൈവകരുണാനുഭവം ആഴത്തിൽ സ്വന്തമാക്കിയവരാണ്. വി. ജോൺ ക്രിസോസ്തോം ഇപ്രകാരം പറയുന്നുണ്ട്: "ദൈവകരുണ സ്നേഹത്തിന്റെ മാതാവും നമ്മുടെ ആത്മാക്കളെ വിശുദ്ധീകരിച്ച് സ്വർഗ്ഗത്തിലേക്കു നയിക്കുന്ന ഗോവണിയുമാണ്." ദൈവകരുണയുടെ മദ്ധ്യസ്ഥനായി അറിയപ്പെടുന്ന വിശുദ്ധ

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ദൈവകരുണയെക്കുറിച്ചുള്ള തന്റെ ചാക്രികലേഖനത്തിൽ ഈ ലോകത്തിലുള്ള എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം ദൈവകരുണ മാത്രമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനുദിനജീവിതത്തിലെ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും ദൈവകരുണയിൽ പരിപൂർണ്ണമായി ആശ്രയിക്കാനും ആഴപ്പെടാനും നമുക്കു സാധിക്കണം.

ഉത്ഥാനത്തിരുനാൾ കഴിഞ്ഞുവരുന്ന ഞായർ മാർത്തോമ്മാ ക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ച് സുപ്രധാനമായ ദിനമാണ്. ഈ ദിവസമാണ് നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനദിനം പുതുഞായറായി നാം ആചരിക്കുന്നത്. ഈ ദിവസം തന്നെയാണ് ആഗോളസഭയിൽ ദൈവകരുണയുടെ തിരുനാൾ ആഘോഷിക്കുന്നതും. 2000 ഏപ്രിൽ 30-ന് ദൈവകരുണയുടെ അപ്പസ്തോല എന്നറിയപ്പെടുന്ന വി. മരിയ ഫൗസ്റ്റീനയുടെ നാമകരണ ചടങ്ങിനിടയിലാണ് വി. ജോൺ പോൾ രണ്ടാമൻ പാപ്പാ ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായർ ദൈവകരുണയുടെ തിരുനാളായി ആചരിക്കണമെന്ന് ആഹ്വാനം ചെയ്തത്. ഈ രണ്ടു സുപ്രധാന തിരുനാളുകൾ ഒരേ ദിനം വരുന്നത് വലിയ ദൈവിക പദ്ധതിയായി നമുക്കു കാണാം. വി. തോമ്മാശ്ലീഹാ ഈശോയുടെ തിരുഹൃദയത്തിൽനിന്ന് ഒഴുകിയിറങ്ങിയ ദൈവകരുണയ്ക്ക് അക്ഷരാർത്ഥത്തിൽ സാക്ഷിയായ വ്യക്തിയാണ്. വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായ്ക്ക് ഈ സൗഭാഗ്യം ലഭിച്ചതിൽ നമുക്ക് അഭിമാനിക്കാം. ദൈവത്തിനു നന്ദി പറയാം. തോമ്മാശ്ലീഹായുടെ ദൈവകരുണാനുഭവത്തിൽനിന്നാണ് 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വിശ്വാസത്തിന്റെ ദൃഢമായ പ്രഖ്യാപനം പുറപ്പെടുന്നത്. അതുകൊണ്ട്, ഈ രണ്ടു തിരുനാളുകളും സമുചിതമായി ആചരിക്കുന്നതുവഴി വിശ്വാസജീവിതത്തിൽ ശക്തിപ്പെടാനും ദൈവകരുണയിൽ ആഴപ്പെടാനും നമുക്കു സാധിക്കും. ദൈവകരുണയുടെ തിരുനാളിന് ഒരുക്കമായി ദുഃഖവെള്ളിയാഴ്ച മുതൽ 9 ദിവസത്തേക്ക് ദൈവകരുണയുടെ നൊവേന ചൊല്ലി പ്രാർത്ഥിച്ച് ഒരുങ്ങുന്ന നല്ല പതിവ് നമുക്കുണ്ട്. ഈ വർഷവും തീക്ഷ്ണതയോടെ നമുക്ക് അതു തുടരാം. 2015-ൽ കരുണയുടെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ പുറത്തിറക്കിയ പ്രബോധനരേ

ഖയിൽ ദൈവത്തിന്റെ കരുണ സഹോദരങ്ങളിലേക്ക് എത്തിക്കാൻ എല്ലാ ക്രൈസ്തവർക്കും കടമയുണ്ട് എന്ന് ഓർമ്മിപ്പിക്കുന്നുണ്ട്. തോമ്മാശ്ലീഹ പകർന്നുതന്ന വിശ്വാസത്തിന്റെ ദീപം അണയാതെ സൂക്ഷിച്ചും, ദൈവകരുണയുടെ ആഴം അനുഭവിച്ചും ഈ കാലഘട്ടം മാനസാന്തരത്തിനും ജീവിത നവീകരണത്തിനും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനുമായി നമുക്കു പ്രയോജനപ്പെടുത്താം.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യാ മറിയത്തിന്റെ വിമലഹൃദയത്തിനു നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

ഉത്ഥിതനായ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

N.B.: 2022 ഏപ്രിൽ 3-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3669/K-5/KCBC/OL/DS 28 February 2022

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2022-ലെ നോമ്പുകാല സന്ദേശം

**പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

യേശുക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും പെസഹാരഹസ്യത്തിലേക്കു നമ്മെ നയിക്കുന്ന നോമ്പുകാലം വ്യക്തിപരവും സാമൂഹ്യവുമായ നവീകരണത്തിന് അനുയോജ്യമായ സമയമാണ്. 2022-ലെ നമ്മുടെ നോമ്പുകാലയാത്രയ്ക്ക് ഉപകരിക്കുംവിധം വിശുദ്ധ പൗലോസ് ഗലാത്തിയാക്കാർക്കു നല്കിയ ആഹ്വാനം വിചിന്തനവിഷയമാക്കാം: *"നന്മ ചെയ്യുന്നതിൽ മടുപ്പുതോന്നാതിരിക്കട്ടെ. കാരണം, തളരാതിരുന്നാൽ നമുക്ക് യഥാകാലം വിളവെടുക്കാം. ആകയാൽ നമുക്ക് അവസരം (കയിറോസ്) ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും നന്മ ചെയ്യാം" (ഗലാ 6:9-10).*

**1. വിതയ്ക്കുന്നതും കൊയ്യുന്നതും**

യേശുവിനു പ്രിയങ്കരമായിരുന്ന വിതയ്ക്കലും കൊയ്യലും എന്ന ചിത്രം (മത്താ. 13 കാണുക) അപ്പസ്തോലൻ ഈ വാക്കുകളിൽ ഉപയോഗപ്പെടുത്തുന്നു. വിശുദ്ധ പൗലോസ് ഒരു അവസരത്തെക്കുറിച്ച് (കയിറോസ്) നമ്മോടു പറയുന്നു, അതായത്, ഭാവിയിലുണ്ടാകാനിരിക്കുന്ന ഒരു കൊയ്ത്തിനുവേണ്ടി തക്കസമയത്തു നടത്തുന്ന ഒരു വിതയ്ക്കലിനെക്കുറിച്ച്. ഏതാണ് നമ്മുടെ അവസരം? നോമ്പുകാലം തീർച്ചയായും അപ്രകാരമൊരു അവസരമാണ്; എന്നാൽ അതുപോലെതന്നെയാണ് നമ്മുടെ മുഴുവൻ അസ്തിത്വവും. നോമ്പുകാലം അതിന്റെ ഒരുതരത്തിലുള്ള പ്രതിരൂപമാണ്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ, അതിമോഹം, അഹങ്കാരം, സ്വന്തമാക്കാനും കുന്നുകൂട്ടാനും ഉപയോഗപ്പെടുത്താനുമുള്ള താത്പര്യം എന്നിവ മേൽക്കൈ നേടാറുണ്ട്. സുവിശേഷത്തിലെ ഭോഷനായ മനുഷ്യന്റെ കഥപോലെയാണിത്; തന്റെ അറപ്പുരകളിൽ ശേഖരിച്ചുവച്ചിരുന്ന സമൃദ്ധകാല ധാന്യവും വസ്തുക്കളുംവഴി തന്റെ ജീവിതം സ്വസ്ഥവും സുരക്ഷിതവുമാണെന്ന് അയാൾ കരുതി (ലൂക്കാ 12:16-21 കാണുക). മാനസാന്തരത്തിലേക്ക്, അഥവാ മനോഭാവവ്യത്യാസത്തിലേക്ക്, നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു; അങ്ങനെ ജീവിതത്തിന്റെ സത്യവും സൗന്ദര്യവും എന്നത്, സ്വന്തമാക്കുന്നതിലുപരി നല്കുന്നതിലാണെന്നും, കുന്നുകൂട്ടുന്നതിലുപരി വിത

യ്ക്കുന്നതിലും നന്മ പങ്കുവയ്ക്കുന്നതിലും ആണെന്നു നാം കണ്ടെത്തുന്നു.

ആദ്യം വിതയ്ക്കുന്നത് ദൈവം തന്നെയാണ്; അവിടന്ന് ഏറെ ഔദാര്യപൂർവം "മാനവകുടുംബത്തിൽ നന്മയുടെ വിത്തുകൾ സമൃദ്ധമായ തോതിൽ വിതച്ചുകൊണ്ടേയിരിക്കുന്നു" (Fratelli Tutti, 54). "സജീവവും ഊർജസ്വലവുമായ" (ഹെബ്രാ. 4:12) അവിടത്തെ വചനം സ്വീകരിച്ചുകൊണ്ട്, ദൈവത്തിന്റെ ദാനത്തോടു പ്രത്യുത്തരിക്കാൻ നോമ്പുകാലത്ത് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. നിരന്തരമുള്ള ദൈവവചനശ്രവണം നമ്മെ അവിടത്തെ പ്രവൃത്തിയോട് തുറവിയും വിധേയത്വവും പുലർത്താൻ ഇടവരുത്തുകയും (യാക്കോ. 1:21 കാണുക) നമ്മുടെ ജീവിതങ്ങളിൽ ഫലം പുറപ്പെടുത്തുകയും ചെയ്യുന്നു. ഇതു നമുക്കു വലിയ സന്തോഷം കൊണ്ടുവരുന്നു; അതിലുപരി നമ്മെ ദൈവത്തിന്റെ സഹപ്രവർത്തകരാകാൻ ക്ഷണിക്കുന്നു (1 കോറി. 3:9 കാണുക). വർത്തമാനകാലത്തെ നന്നായി പ്രയോജനപ്പെടുത്തിക്കൊണ്ട് (എഫേ 5:16 കാണുക) നമുക്ക് നന്മയുടെ വിത്തുകൾ വിതയ്ക്കാനാകും. നന്മയുടെ വിത്തുകൾ വിതയ്ക്കാനുള്ള വിളി ഒരു ഭാരമായി കണക്കാക്കാൻ പാടില്ല; അത് കൃപയാണ്; അതുവഴി സ്രഷ്ടാവ് തന്റെതന്നെ നിസ്സീമമായ നന്മയോട് സജീവമായി പങ്കുചേരാൻ നമ്മെ ക്ഷണിക്കുന്നു.

കൊയ്ത്തിനെക്കുറിച്ച് എന്താണ് പറയേണ്ടത്? കൊയ്ത്തിനുവേണ്ടിയല്ലേ നമ്മൾ വിത്തു വിതയ്ക്കുന്നത്? തീർച്ചയായും! വിതയ്ക്കലും കൊയ്ത്തും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് പൗലോസ് ഇപ്രകാരം പറയുന്നു: "അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; അധികം വിതയ്ക്കുന്നവൻ അധികം കൊയ്യും" (2 കോറി. 9:6). എന്നാൽ ഏതുതരം കൊയ്ത്തിനെക്കുറിച്ചാണ് നാം സംസാരിക്കുന്നത്? നമ്മൾ വിതയ്ക്കുന്ന നന്മയുടെ ഒരു ആദ്യഫലം നമ്മിൽത്തന്നെയും നമ്മുടെ ദൈനംദിന ജീവിതങ്ങളിലും പ്രത്യക്ഷപ്പെടുന്നു, അതായത്, നമ്മുടെ ചെറിയ ദയയുടെ പ്രവൃത്തികളിൽ. ദൈവത്തിൽ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയും, അത് എത്ര ചെറുതായാലും, "ഔദാര്യപൂർവമായ ഒരു യത്നവും" ഒരിക്കലും നഷ്ടപ്പെടുകയില്ല (*Evangelii Gaudium, 279* കാണുക). ഒരു വൃക്ഷത്തെ അതിന്റെ ഫലങ്ങളിൽനിന്നു നാം തിരിച്ചറിയുന്നതുപോലെ (മത്താ 7:16–20 കാണുക), നന്മപ്രവൃത്തികളാൽ നിറഞ്ഞ ഒരു ജീവിതം പ്രകാശം പ്രസരിപ്പിക്കുകയും (മത്താ 5:14–16 കാണുക) ക്രിസ്തുവിന്റെ സൗരഭ്യം ലോകത്തിലേക്കു സംവഹിക്കുകയും ചെയ്യുന്നു (2 കോറി 2:15 കാണുക).

പാപത്തിൽനിന്നു മോചിതമായി ദൈവത്തെ ശുശ്രൂഷിക്കുന്നത് എല്ലാവരുടെയും രക്ഷയ്ക്കായുള്ള വിശുദ്ധീകരണത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു (റോമാ 6:22 കാണുക).

യഥാർഥത്തിൽ നമ്മൾ വിതയ്ക്കുന്നതിന്റെ ഒരു ചെറിയ അംശം മാത്രമാണ് നാം കൊയ്യുന്നത്; എന്തെന്നാൽ, സുവിശേഷത്തിലെ സുഭാഷിതമനുസരിച്ച്, "ഒരുവൻ വിതയ്ക്കുന്നു, മറ്റൊരുവൻ കൊയ്യുന്നു" (യോഹ 4:37). മറ്റുള്ളവരുടെ നന്മയ്ക്കായി നാം വിതയ്ക്കുമ്പോൾ, നാം ദൈവത്തിന്റെ ദയാപൂർവമായ സ്നേഹത്തിൽ പങ്കുചേരുന്നു: "നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകളുടെ നിഗൂഢ ശക്തിയിൽ പ്രത്യാശ വയ്ക്കുകയെന്നത് യഥാർഥത്തിൽ ശ്രേഷ്ഠമായ കാര്യമാണ്; അങ്ങനെയാണ് മറ്റുള്ളവരാൽ ഫലം കൊയ്തെടുക്കപ്പെടുന്ന പ്രക്രിയ കൾ ആരംഭിക്കുന്നതും" (Fratelli Tutti, 196). മറ്റുള്ളവരുടെമേൽ ഉന്നംവച്ചുള്ള നന്മയുടെ വിതയ്ക്കൽ ഇടുങ്ങിയ സ്വാർത്ഥ താത്പര്യ ത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കുന്നു; അതു നമ്മുടെ പ്രവൃത്തികളിൽ സൗജന്യഭാവം സന്നിവേശിപ്പിക്കുന്നു; അതു നമ്മെ ദൈവത്തിന്റെ ദയാവായ്പ്പാർന്ന പദ്ധതിയുടെ പ്രൗഢോജ്ജ്വലമായ ചക്രവാളത്തിന്റെ ഭാഗഭാക്കാക്കുന്നു.

ദൈവവചനം നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കുകയും ഉയർത്തുകയും ചെയ്യും. യഥാർഥമായ കൊയ്ത്ത് യുഗാന്ത്യപരമാ ണെന്ന് അതു നമ്മോടു പറയുന്നു; അതാണ് അസ്തമിക്കാത്ത ദിന ത്തിലെ, അവസാനത്തെ കൊയ്ത്ത്. നമ്മുടെ ജീവിതങ്ങളുടെയും പ്രവൃത്തികളുടെയും പാകമായ ഫലം, "നിത്യജീവന്റെ ഫലമാണ്" (യോഹ. 4:36). അത് നമ്മുടെ "സ്വർഗത്തിലുള്ള നിക്ഷേപമാണ്" (ലൂക്കാ. 12: 33; 18:22). ഫലം പുറപ്പെടുവിക്കുന്നതിനായി നിലത്തു വീണ് അഴിയുന്ന വിത്തിനെക്കുറിച്ചുള്ള സൂചന തന്റെതന്നെ മരണ ത്തിന്റെയും ഉയിർപ്പിന്റെയും അടയാളമായി യേശുതന്നെയും ഉപയോ ഗപ്പെടുത്തുന്നുണ്ട് (യോഹ. 12:24 കാണുക). വിശുദ്ധ പൗലോസാ കട്ടെ, അതേ അടയാളം ശരീരങ്ങളുടെ ഉയിർപ്പിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ ഉപയോഗിക്കുന്നു: "ഇപ്രകാരം തന്നെയാണ് മരി ച്ചവരുടെ ഉത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു, അനശ്വരത യിൽ ഉയിർപ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, മഹ ത്ത്വത്തിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരം വിതയ്ക്കപ്പെടുന്നു, ആത്മീയശരീരം ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരമുണ്ടെങ്കിൽ, ആത്മീ

യശരീരവുമുണ്ട്" (1 കോറി 15:42-44). ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഉത്ഥിതനായ ക്രിസ്തു ലോകത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന വലിയ പ്രകാശം. എന്തെന്നാൽ, "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ നാം പ്രത്യാശ വച്ചവരാണെങ്കിൽ, നമ്മൾ എല്ലാ മനുഷ്യരെയുംകാൾ ദയനീയരത്രേ. എന്നാൽ നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു" (1 കോറി. 15:19-20). അവനുമായി സ്നേഹത്താൽ അഭേദ്യമായി ഒന്നായിത്തീർന്നതുവഴി, "അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചെങ്കിൽ" (റോമാ. 6:5), നിത്യജീവനുവേണ്ടിയുള്ള ഉയിർപ്പിലും നാം അവനോട് ഏകീഭവിച്ചിരിക്കും (യോഹ. 5:29 കാണുക). "അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും" (മത്താ. 13:43).

**2. "നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ"**

ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മുടെ ഭൗമികമായ പ്രത്യാശകളോടൊപ്പം നിത്യജീവന്റെ "വലിയ പ്രത്യാശ"യെയും ചൈതന്യവത്താക്കുന്നു; അങ്ങനെ അത് നമ്മുടെ കാലത്തുതന്നെ രക്ഷയുടെ വിത്തു വിതയ്ക്കുന്നു (Benedict XVI, *Spe Salvi*, 3; 7). സ്വപ്നങ്ങൾ തകർക്കപ്പെട്ടതു വഴിയായുള്ള കടുത്ത ഇച്ഛാഭംഗം, നമ്മുടെ മുന്നിലുള്ള വെല്ലുവിളികളെക്കുറിച്ചുള്ള ഉത്കണ്ഠ, നമ്മുടെ കൈവശമുള്ള വിഭവങ്ങളുടെ ദുർഭിക്ഷംമൂലമുള്ള നിരുത്സാഹപ്പെടൽ എന്നിവ നമ്മെ സ്വാർഥകേന്ദ്രീയതയിൽ അഭയം തേടാനും അന്യരുടെ സഹനങ്ങളോട് നിസ്സംഗതയോടെ പെരുമാറാനുമുള്ള പ്രലോഭനം നമ്മിൽ ഉണർത്തിയെന്നു വരാം. എന്നാൽ നമ്മുടെ ഏറ്റവും നല്ല വിഭവശേഷിക്കുപോലും പരിമിതികൾ ഉണ്ടെന്നുള്ളതാണ് യാഥാർഥ്യം: "യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റു വീഴാം" (ഏശ. 40: 30). എന്നാൽ ദൈവം "തളർന്നവന് ബലം നല്കുന്നു; ദുർബലനു ശക്തി പകരുകയും ചെയ്യുന്നു.... എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവൻ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല"(ഏശ. 40:29,31). നമ്മുടെ വിശ്വാസവും പ്രത്യാശയും കർത്താവിലർപ്പിക്കാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു (1 പത്രോ. 1:21 കാണുക). എന്തെന്നാൽ, ഉത്ഥിതനായ ക്രിസ്തുവിൽ നമ്മുടെ ദൃഷ്ടി പതിപ്പിച്ചെങ്കിൽ മാത്രമേ (ഹെബ്രാ. 12:2 കാണുക), "നന്മ ചെയ്യുന്നതിൽ നമുക്കു ഒരിക്കലും മടുപ്പുതോന്നാതി

രിക്കാം" (ഗലാ. 6:9) എന്ന അപ്പസ്തോലന്റെ ആഹ്വാനത്തിനു പ്രത്യുത്തരം നല്കാനാകൂ.

***പ്രാർത്ഥിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ :*** "ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം" (ലൂക്കാ 18:1) എന്ന് യേശു നമ്മെ പഠിപ്പിച്ചു. നമുക്കു പ്രാർത്ഥിക്കേണ്ടതുണ്ട്, കാരണം നമുക്കു ദൈവത്തെ ആവശ്യമുണ്ട്. നമുക്കുപരി മറ്റൊന്നും നമുക്ക് ആവശ്യമില്ല എന്ന് കരുതുന്നത് അപകടകരമായ മിഥ്യാധാരണയാണ്. കോവിഡ്-19 മഹാമാരി നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ ദൗർബല്യത്തെക്കുറിച്ചുള്ള ബോധം വർധിപ്പിച്ചെങ്കിൽ ഈ വർഷത്തെ തപസ്സുകാലം ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും അതു സംജാതമാക്കുന്ന സമാശ്വാസവും അനുഭവിക്കാൻ ഇടവരുത്തട്ടെ; അവിടത്തെക്കൂടാതെ നമുക്കു നിവർന്നു നില്ക്കാനാവില്ലല്ലോ (ഏശ. 7:9 കാണുക)! ചരിത്രത്തിന്റെ കൊടുങ്കാറ്റുകൾക്കിടയിൽ നാമെല്ലാവരും ഒരേ വഞ്ചിയിൽ ആയിരിക്കയാൽ ഒരാളും ഒറ്റയ്ക്ക് രക്ഷ പ്രാപിക്കുകയില്ല; നിശ്ചയമായും ദൈവത്തെക്കൂടാതെ ഒരാളും രക്ഷ പ്രാപിക്കുകയുമില്ല. എന്തെന്നാൽ, യേശുക്രിസ്തുവിന്റെ പെസഹാരഹസ്യം മാത്രമാണ് മരണത്തിന്റെ ഇരുണ്ട ജലപ്രവാഹത്തിന്റെമേൽ വിജയം വരിക്കുന്നത്. യഥാർഥത്തിൽ ജീവിതത്തിന്റെ ഭാരങ്ങളിലും അനർഥങ്ങളിലുംനിന്നു വിശ്വാസം നമ്മെ ഒഴിവാക്കുന്നില്ല, എന്നാൽ ക്രിസ്തുവിൽ ദൈവത്തോട് ചേർന്നു നിന്നുകൊണ്ട് അവ അഭിമുഖീകരിക്കാൻ അതു നമ്മെ പ്രാപ്തരാക്കുന്നു; നമ്മെ നിരാശരാക്കാത്ത വലിയ പ്രത്യാശ വഴിയാണത്; അതിന്റെ അച്ചാരം പരിശുദ്ധാത്മാവുവഴി നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ട ദൈവത്തിന്റെ സ്നേഹമാണ് (റോമ. 5:15 കാണുക).

***നമ്മുടെ ജീവിതങ്ങളിൽനിന്നു തിന്മ ദുരീകരിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിക്കട്ടെ :*** നോമ്പുകാലം ആഹ്വാനം ചെയ്യുന്ന ശാരീരികമായ ഉപവാസം പാപത്തിനെതിരേയുള്ള നമ്മുടെ പോരാട്ടത്തിൽ നമ്മുടെ ആത്മാവിനെ ബലപ്പെടുത്തട്ടെ. ദൈവം ക്ഷമിക്കുന്നതിൽ ഒരിക്കലും ക്ഷീണിതനാകുന്നില്ല എന്ന് അറിഞ്ഞുകൊണ്ട് പശ്ചാത്താപത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശയിലൂടെ പാപപ്പൊറുതി ചോദിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. വിഷയാസക്തിക്കെതിരേ പൊരുതുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. ഈ ബലഹീനത സ്വാർഥതയെയും എല്ലാത്തരം തിന്മകളെയും പ്രോത്സാഹിപ്പിക്കുകയും സ്ത്രീപുരുഷന്മാരെ പാപത്തിലേക്കു നയിക്കാൻ ചരിത്രഗതിയിൽ വിവിധ രൂപങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു

(Fratelli Tutti, 166 കാണുക). അതിലൊന്നാണ് ഡിജിറ്റൽ സമ്പർക്ക മാധ്യമ ആസക്തി (digital media addiction); അത് മനുഷ്യബന്ധങ്ങളുടെ ശക്തിക്ഷയിപ്പിക്കുന്നു. ഈ പ്രലോഭനങ്ങളെ ചെറുക്കാനും അവയ്ക്കുപകരമായി കൂടുതൽ സമഗ്രമായ ഒരു മാനുഷിക ആശയവിനിമയം നടത്താനും (Fratelli Tutti, 43 കാണുക), അങ്ങനെ മുഖാമുഖവും വ്യക്തികേന്ദ്രീകൃതവും "ആധികാരികവുമായ കണ്ടുമുട്ടലുകൾ" (Fratelli Tutti, 50 കാണുക) നടത്താനുമുള്ള ഒരു ഉത്തമമായ സമയമാണിത്.

***അയൽക്കാരനോട് സജീവസ്നേഹം പ്രകടിപ്പിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ:*** ഈ നോമ്പുകാലത്ത് സന്തോഷപൂർവം നല്കിക്കൊണ്ട് നമുക്കു ദാനധർമ്മം പരിശീലിക്കാം (2 കോറി. 9:7 കാണുക). "വിതക്കാരനു വിത്തും ഭക്ഷിക്കാൻ അപ്പവും കൊടുക്കുന്ന" (2 കോറി. 9:10) ദൈവം നമുക്കു ഭക്ഷിക്കാൻ ആഹാരം മാത്രമല്ല നല്കുന്നത്, മറ്റുള്ളവർക്കു ഉദാരമായി നന്മ ചെയ്യാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. നന്മ വിതയ്ക്കാൻ നമുക്കു ജീവിതകാലം മുഴുവൻ ഉണ്ടെന്നുള്ളതു സത്യമാണെങ്കിലും, നമ്മോട് അടുത്തു ബന്ധപ്പെട്ടിരിക്കുന്നവരെ പരിചരിക്കുന്നതിലും ജീവിതത്തിന്റെ വഴിയരികിൽ പരിക്കേറ്റവരായി കിടക്കുന്ന സഹോദരീസഹോദരന്മാരിലേക്കു എത്തിനില്ക്കുന്നതിലും (ലൂക്കാ 10, 25-37 കാണുക) ഈ തപസ്സുകാലം സവിശേഷ സമയമായി നമുക്കു പരിഗണിക്കാം. ആവശ്യങ്ങളിലിരിക്കുന്നവരെ ഒഴിവാക്കാനുള്ളതല്ല, മറിച്ച് കണ്ടെത്താനുള്ള അനുകൂലമായ സമയമാണ് നോമ്പുകാലം. അത് അവരെ അവഗണിക്കാനുള്ള നേരമല്ല, പ്രത്യുത അവരെ സഹതാപപൂർവ്വം കേൾക്കാനും അവർക്കു ഒരു നല്ലവാക്കു നല്കാനുമുള്ളതാണ്; ഏകാന്തതയനുഭവിക്കുന്നവരെ ഉപേക്ഷിക്കാനുള്ള സമയമല്ല, മറിച്ച് സന്ദർശിക്കാനുള്ള വേളയത്രേ. എല്ലാവർക്കുംവേണ്ടി നന്മ ചെയ്യാനുള്ള നമ്മുടെ വിളി നമുക്കു പരിശീലിക്കാം. അതായത്, ദരിദ്രരെയും ആവശ്യങ്ങളിലിരിക്കുന്നവരെയും ഉപേക്ഷിക്കപ്പെട്ടവരെയും തിരസ്കൃതരെയും വിവേചിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സ്നേഹിക്കാനായി നമുക്കു സമയം കണ്ടെത്താം (Fratelli Tutti, 193 കാണുക).

**3. "നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ, തക്കസമയത്ത് നമുക്കു കൊയ്ത്തു നടത്താം".**

'നന്മ, അതോടൊപ്പം സ്നേഹം, നീതി, ഐക്യധാർഢ്യം എന്നിവ ഒറ്റയടിക്കു നേടാവുന്നതല്ല; അവ ഒരോ ദിവസവും യാഥാർഥ്യമാക്കപ്പെടേണ്ടതാണ്" (Fratelli Tutti, 11) എന്നത് ഓരോ വർഷവും നോമ്പു

കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ സമയത്ത് ഓരോ പടിവെച്ച് നന്മ ചെയ്യുന്നതിൽ നിലനില്ക്കുന്നതിൽ കൃഷിക്കാരന്റേതുപോലുള്ള ക്ഷമ ലഭിക്കാനായി (യാക്കോ 5:7 കാണുക) നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. നമ്മൾ വീണുപോകുന്നെങ്കിൽ, എപ്പോഴും നമ്മെ പിടിച്ചെഴുന്നേൽപ്പിക്കുന്ന പിതാവിന്റെ പക്കലേക്കു നമ്മുടെ കരം ഉയർത്താം. നമ്മൾ നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, ദൈവത്തിങ്കലേക്കു തിരികെ വരാൻ ശങ്കിക്കരുത്. കാരണം അവിടന്ന് "മാപ്പു കൊടുക്കുന്നതിൽ ഉദാരമതിയാണ്" (ഏശ 55:7). മാനസാന്തരത്തിന്റെ ഈ കാലഘട്ടത്തിൽ ദൈവിക കൃപയാൽ പരിപോഷിതരായി, സഭാ കൂട്ടായ്മയിൽ ചേർന്നുനിന്നുകൊണ്ട്, നന്മ ചെയ്യുന്നതിൽ നമുക്കു പരിക്ഷീണിതരാകാതിരിക്കാം. ഉപവാസത്താലാണ് നിലം ഒരുക്കപ്പെടുന്നത്, പ്രാർത്ഥനവഴി അതു നനയ്ക്കപ്പെടുകയും ഉപവിയാൽ സമ്പുഷ്ടമാക്കപ്പെടുകയും ചെയ്യുന്നു.

"നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ തക്കസമയത്ത് നമുക്കു കൊയ്ത്ത് നടത്താം" എന്നു നമുക്ക് ഉറപ്പായി വിശ്വസിക്കാം. അതുപോലെതന്നെ നിലനില്പിന്റെ ദാനത്താൽ വാഗ്ദാനം ചെയ്യപ്പെട്ടത് നമുക്കു ലഭ്യമാകും എന്നും (ഹെബ്രാ 10:36 കാണുക), അത് നമ്മുടെതന്നെയും മറ്റുള്ളവരുടെയും രക്ഷയ്ക്കും ആയിരിക്കും എന്നും (1 തിമോ 4:16 കാണുക) നമുക്കു വിശ്വസിക്കാം. എല്ലാവരോടും സഹോദരസ്നേഹം പാലിക്കുന്നതുവഴി നമുക്കുവേണ്ടി തന്റെ ജീവൻ നല്കിയ (2 കോറി. 5:14-15 കാണുക) ക്രിസ്തുവുമായി നാം ഐക്യപ്പെടുന്നു; അങ്ങനെ, ദൈവം "എല്ലാറ്റിലും എല്ലാം ആകുംവിധം" (1 കോറി. 15:28), സ്വർഗരാജ്യത്തിന്റെ സന്തോഷത്തിന്റെ മുന്നാസ്വാദനം നമുക്കു നല്കപ്പെടുകയും ചെയ്യുന്നു.

രക്ഷകനെ തന്റെ ഉദരത്തിൽ വഹിക്കുകയും, "എല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും" (ലൂക്കാ 2:19) ചെയ്ത കന്യകാമറിയം ക്ഷമയുടെ ദാനം നമുക്കു വാങ്ങിത്തരുമാറാകട്ടെ. അവളുടെ മാതൃസഹജമായ സാന്നിധ്യംവഴി അവൾ നമ്മെ അനുയാത്ര ചെയ്യുമാറാകട്ടെ. അങ്ങനെ ഈ മാനസാന്തരത്തിന്റെ കാലം നിത്യരക്ഷയുടെ ഫലങ്ങൾ പുറപ്പെടുവിക്കുമാറാകട്ടെ.

2021 നവംബർ 11-ാം തീയതി മെത്രാനായ വിശുദ്ധ മാർട്ടിന്റെ സ്മരണാദിനത്തിൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ദൈവാലയത്തിൽ നിന്നു നല്കപ്പെട്ടത്.

ഫ്രാൻസിസ് പാപ്പാ

# രൂപതക്കച്ചേരി

### *C. 28/2022* **വി. മൂറോൻ**

ഓശാന കഴിഞ്ഞുവരുന്ന തിങ്കളാഴ്ച (11.04.2022) രൂപതയിലെ എല്ലാ വൈദികരും കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ ഒരുമിച്ചുചേർന്ന് ഉയിർപ്പുതിരുനാളിനുള്ള ആത്മീയ ഒരുക്കവും വി. മൂറോൻ വെഞ്ചരിപ്പും നടത്തുന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. അന്നേ ദിവസം രാവിലെ 10.00 മണിക്ക് ധ്യാനചിന്തകളും അതേത്തുടർന്ന് 10.30 മുതൽ കുമ്പസാരത്തിനുള്ള അവസരവും ഉണ്ടായിരിക്കും.11.30-ന് ആഘോഷമായ ദിവ്യബലിയോടുകൂടിയാണ് വി. മൂറോൻ വെഞ്ചരിപ്പ് നടത്തുന്നത്. ഇടവകയിലെ കുമ്പസാരത്തിന്റെ സമയം ക്രമീകരിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കുന്നതിനുള്ള വി. മൂറോൻ ഏപ്രിൽ 20-ാം തീയതി ബുധനാഴ്ച മുതൽ രൂപതക്കച്ചേരിയിൽ ലഭ്യമായിരിക്കും.

*Bishop*

### *C. 29/2022* **New Appointments**

Rev. Fr. Stanly Pulprayil, Dr. Jenni K. Alex
- Diocesan Members of POC Commission to KCBC

Rev. Fr. Kuriakose Kannampilliyil
- Diocesan Member, Kerala Catholic Council

Rev. Sr. Josmin MSJ
- Eparchial Directress Catholic Nurses Guild of India

*Bishop*

### C. *30/2022* **അജപാലന സന്ദർശനം**

2022 ഏപ്രിൽ 3 - പൈങ്ങോട്ടൂർ

*Bishop*

## *C.31/2022* അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും തിരുനാൾ മംഗളങ്ങൾ

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും വൈദികർക്കും തിരുനാൾ മംഗളങ്ങൾ നേരുന്നതിനായി രൂപതയിലെ മുഴുവൻ വൈദികരും സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസ് അല്ലെങ്കിൽ പ്രതിനിധികൾ, ഭക്തസംഘടനകളുടെ പ്രസിഡന്റുമാർ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും പങ്കെടുക്കുന്ന മീറ്റിംഗ് 2022 ഏപ്രിൽ 20-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുന്നതിനായുള്ള മീറ്റിംഗിലേയ്ക്കും തുടർന്നുള്ള സ്നേഹവിരുന്നിലേയ്ക്കും മേല്പറഞ്ഞ എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു. അന്നേ ദിവസം രൂപതാവൈദികരുടെ മാസധ്യാനം രാവിലെ 10.00 മുതൽ 11.30 വരെ മൂവാറ്റുപുഴ NESTT-ൽ നടക്കുന്നു. ബഹു. വൈദികരെല്ലാവരും ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*Protosyncellus*

## *C. 32/2022* മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ പട്ട സ്വീകരണം

നമ്മുടെ രൂപതക്കുവേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന പൈങ്ങോട്ടൂർ ഇടവക മരുതാമലയിൽ ആന്റണി, ആയവന ഇടവക വാലംപാറയ്ക്കൽ പോൾ, മുതലക്കോടം ഇടവക എടാട്ട് മാത്യു, കലയന്താനി ഇടവക മൂലയിൽ ആൻഡ്രൂസ് എന്നിവർ മ്ശംശാന പട്ടവും, കുത്തുങ്കൽ ഇടവക കണ്ണാടൻ വർഗീസ്, വാഴക്കുളം ഇടവക മക്കോളിൽ തോമസ്, ചിലവ് ഇടവക മാമ്മൂട്ടിൽ ജോർജ്, ആനിക്കാട് ഇടവക നിരപ്പേൽ അഗസ്റ്റിൻ, തൊമ്മൻകുത്ത് ഇടവക പാലയ്ക്കാമറ്റത്തിൽ ജോർജ്, വണ്ണപ്പുറം ഇടവക പരയ്ക്കനാൽ ജെയിംസ് എന്നിവർ ഹെവ്പ്പദ്യാക്ക്ന പട്ടവും, നാടുകാണി ഇടവക കാരക്കുന്നേൽ ജോസഫ്, തൊടുപുഴ ഈസ്റ്റ് ഇടവക കുഞ്ചിറക്കാട്ട് ജോസഫ്, ഇഞ്ചത്തൊട്ടി ഇടവക മാതേക്കൽ ജോർജ് എന്നിവർ കാറോയപട്ടവും 2022

ഏപ്രിൽ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.00-ന് നെസ്റ്റിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും സ്വീകരിക്കുന്നു. ഇവർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

*Syncellus*

*C. 33/2022* **ദൈവകരുണയുടെ തിരുനാളിന് ഒരുക്കമായുള്ള നൊവേന**

ഈസ്റ്റർ കഴിഞ്ഞ് വരുന്ന ഞായർ (പുതുഞായർ) ദൈവകരുണയുടെ തിരുനാളായി ആഗോളസഭ ആചരിക്കുന്ന പതിവുണ്ട്. ഈ തിരുനാളിന് ഒരുക്കമായി ദുഃഖവെള്ളിയാഴ്ച മുതൽ പുതുഞായർ വരെയുള്ള ദിവസങ്ങളിൽ ദൈവകരുണയുടെ നൊവേന ചൊല്ലി പ്രാർത്ഥിക്കുന്നത് ഉചിതമാണ്.

*Syncellus*

*Pr.C.3/2022* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on **Tuesday, 2022 May 3, from 10.00 am to 3.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2022 April 25.

*Secretary*

*PC. 3/2022* **Meeting of the Pastoral Council**

An Ordinary meeting of the Pastoral Council will be held on **Saturday, 2022 May 7, from 10.00 am to 3.00 pm** at NESTT Pastoral Centre Muvattupuzha. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2022 April 25.

*Secretary*

*JS. 3/2022* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2022 ഏപ്രിൽ 25-ാം തീയതിയ്ക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 2022 മെയ് 7-ാം തീയതി ശനിയാഴ്ച

രാവിലെ 10.00 മണി മുതൽ 12.00 മണി വരെ കോതമംഗലം സെന്റ് ജോർജ് ഹയർസെക്കന്ററി സ്കൂളിൽ വച്ച് പ്രവേശന പരീക്ഷ നടത്തുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel. 0485 -2862236

*Chancellor*

### *C. 34 /2022* ഓഡിറ്റിംഗ്

മെയ് 12, 13 (വ്യാഴം, വെള്ളി) തീയതികളിൽ ആദ്യഭാഗം ഓഡിറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. മുൻകാലങ്ങളിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് കണക്കുകൾ ഓഡിറ്റിംഗിനായി ക്രമീകരിക്കുമല്ലോ. ഓഡിറ്റിംഗ് സമയം പള്ളികളിൽ നേരിട്ട് അറിയിക്കുന്നതാണ്.

*Procurator*

## മൈനർ സെമിനാരി

### *MS 4 /2022* ഇന്റർവ്യൂ

ഈ വർഷം രൂപത മൈനർ സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ ഇന്റർവ്യൂ മെയ് 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 മണി വരെ മൈനർ സെമിനാരിയിൽ വച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ബഹു. വികാരിയച്ചന്മാർ കുട്ടികൾക്ക് വേണ്ട നിർദ്ദേശം നൽകുമല്ലോ.

### *MS 5 /2022* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | A Benefactor | ₹ | 15,000 |
| 2 | Mr Punnoose Parekunnel, Vannapuram | ₹ | 20,000 |
| 3 | Ms Elizabeth Mathew Edattukaran, Kuriachira, Thrissur | ₹ | 25,000 |
| 4 | CMC Pavanatma Province, Kothamangalam | ₹ | 100,000 |
| 5 | A Benefactor | ₹ | 10,000 |
| 6 | Mr Shaju Joseph Cherkottu, Avoli | ₹ | 25,000 |
| 7 | Ms Maria O.J. Onattu, Arakuzha | ₹ | 25,000 |

| | | | |
|---|---|---|---|
| 8 | Mr Francis Kavumpuram, Karakunnam in memory of his son Bro. Jose | ₹ | 2,000 |
| 9 | Fr George Vallomkunnel | ₹ | 25,000 |
| 10 | CML Muvattupuzha Mekhala | ₹ | 5,000 |
| 11 | A Benefactor | ₹ | 3,500 |
| 12 | Mr Joseph Tharakan, Amala Nagar, Thrissur | ₹ | 25,000 |
| 13 | Fr Joseph Koithanath | ₹ | 12,200 |
| 14 | The priests of Kothamangalam diocese 2002-2005 Minor seminary batch | ₹ | 15,000 |
| 15 | Mr Nifin Jose Ambalathingal, Melbourne | ₹ | 25,000 |
| 16 | CML Kodikulam Parish | ₹ | 10,000 |
| 17 | Mr Francis Thomas Pichappillil, Kozhikode | ₹ | 3,000 |
| 18 | Mr Biju Nadukani, Perth, Australia | ₹ | 50,000 |
| 19 | Fr Sebastian Thuruthippillil, UK | ₹ | 100,000 |
| 20 | Fr Paul Nedumpurath | ₹ | 50,000 |
| 21 | A Benefactor | ₹ | 50,000 |
| 22 | Mr Sebastian Ousepparambil, Thodupuzha East | ₹ | 8,000 |
| 23 | St Sebastian's Church Enanalloor | ₹ | 25,000 |
| 24 | Dr Marykutty George Cholankeril, Vaikom | ₹ | 50,000 |
| 25 | Mr Jane Meenamkunnel, Manacadu | ₹ | 10,000 |
| 26 | Holy Family, Kripa Jyothi Province, Muvattupuzha | ₹ | 25,000 |
| 27 | Fr Joseph Nellikunnel | ₹ | 100,000 |
| 28 | St. Thomas Church, Kolady | ₹ | 10,000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

*V. 20/2022* **ഇടവക റിസോഴ്സ് ടീം, വിശ്വാസോത്സവ ട്രെയിനിംഗ് ഏപ്രിൽ 9 ശനി**

ഇടവകതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് ടീം അംഗങ്ങൾക്കായുള്ള ട്രെയിനിംഗ് ഏപ്രിൽ 9 ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ നെസ്റ്റിൽ വച്ച് നടത്തുന്നതാണ്. ഇതോടൊപ്പം വിശ്വാസോത്സവ ട്രെയിനിംഗും ഉണ്ടായിരിക്കുന്നതാണ്. ഇതിലേക്ക് റിസോഴ്സ് ടീം കൂടാതെ ഇടവകകൾക്ക് ഒരു അധ്യാപകനെ കൂടി വിടാവുന്നതാണ്.

*V. 21/2022* **വിശ്വാസോത്സവം - മെയ് 2-5**

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവം മെയ് 2 മുതൽ 5 വരെ നടത്തേണ്ടതാണ്. ഉച്ചയ്ക്ക് 1 മണിവരെയായിരിക്കും സമയം.

*V. 22/2022* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും ഏപ്രിൽ 15-ാം തീയതി മുതൽ ആരംഭിക്കുന്നു. **വില 40 രൂപയാണ്. പുസ്തക വിതരണം ആരംഭിച്ചു എന്ന് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിനുവേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. നേരത്തേ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്.

*V. 23/2022* **രണ്ടാം സെമസ്റ്റർ പരീക്ഷ:**

**മെയ് 8 ഞായർ**

| | |
|---|---|
| Std - I - IX | - 11.00 am - 1.00 pm |
| Std - X, XI, XII | - 2.00 pm - 4.00 pm |

1. ചോദ്യപേപ്പറുകൾ മെയ് 7-ാം തീയതി മേഖലാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
3. 10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പരീക്ഷാപേപ്പറും

മാർക്ക് ലിസ്റ്റും രൂപതാകേന്ദ്രത്തിൽ മെയ് 16–ാം തീയതിക്ക് മുമ്പായി എത്തിക്കുക. (മേഖലാകേന്ദ്രത്തിൽ മെയ് 16–ാം തീയതി മാത്രമേ എത്തിക്കാവൂ.)

4 റിസൽട്ട് - മെയ് 31 ചൊവ്വ റിസൽട്ട്, സർട്ടിഫിക്കറ്റ് വിതരണം ജൂൺ 15 മുതൽ 30 വരെ. 12–ാം ക്ലാസ്സിലെ സർട്ടിഫിക്കറ്റ് ബുക്ക് ജൂൺ 1 മുതൽ ജൂൺ 30 വരെ കൊണ്ടുവരാവുന്നതാണ്.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

## *V. 24/2022* SAY EXAM- X, XII

**രജിസ്ട്രേഷൻ : 2022 മെയ് 16 മുതൽ 19 വരെ.**

**പരീക്ഷ : മെയ് 22 ഞായർ**

സമയം : 11.00 am - 01.00 pm

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 21–ാം തീയതി ശനിയാഴ്ച മേഖലാ കേന്ദ്ര ങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 29–ന് എച്ച്.എം., സ്റ്റാഫ് സെക്രട്ടറി മീറ്റിംഗിന് വരുമ്പോൾ കൊണ്ടുവ രേണ്ടതാണ്.

## *V. 25/2022* സ്കോളർഷിപ്പ് പരീക്ഷ

തീയതി : മെയ് 10 ചൊവ്വ

സമയം : 10.30 am - 12.30 pm

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS |
| Muvattupuzha | - | Nirmala High School (State) |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | SHGHS |
| Karimannoor | - | Holy Family LPS |
| Paingottoor | - | St. Joseph's HSS |

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ പഠനഭാഗങ്ങൾ താഴെ ചേർക്കുന്നു.

**Std. IV**

| | | |
|---|---|---|
| Std IV | - | 70% |
| I, II, III | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

**Std. VII**

| | | |
|---|---|---|
| Std VII | - | 70% |
| V, VI | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

**Std. X**

| | | |
|---|---|---|
| Std X | - | 70% |
| VIII, IX | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

*V. 26/2022* **12-ാം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ്**

വിശ്വാസോത്സവത്തിന്റെ അവസാനദിവസത്തെ വി. കുർബാന 12-ാം ക്ലാസ്സിലെ കുട്ടികൾക്കായി പ്രത്യേകം അർപ്പിക്കുകയും അവർക്ക് യാത്രയയപ്പു നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. സാധിക്കുമെങ്കിൽ മാതാപിതാക്കളെയും സംബന്ധിപ്പിക്കേണ്ടതാണ്.

*V. 27/2022* **കുർബാനപുസ്തകം, ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ**

2022-2023 അധ്യയന വർഷത്തേയ്ക്കുള്ള കുർബാനപുസ്തകം, ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ എന്നിവയുടെ ഓർഡർ വിശ്വാസോത്സവ പുസ്തകം വാങ്ങാൻ വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

NB : 5 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സിലെ കുട്ടികൾക്കും മുകളിൽ ചേർത്തിരിക്കുന്ന പുസ്തകങ്ങൾ നിർബന്ധമാണ്.

*V. 28/2022* **ആദ്യകുർബാനപുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്ന

താണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*V. 29/2022* **ലോഗോസ് ക്വിസ്- 2022**

**പഠനഭാഗങ്ങൾ :**

ജോഷ്വ 1-12; പ്രഭാഷകൻ 23-26; മർക്കോസ് 9-16; 1 കോറിന്തോസ് 9-16.

| | |
|---|---|
| രൂപതാതല പരീക്ഷ | - 2022 സെപ്തംബർ 25<br>സമയം 2.00 pm - 3.00 pm. |
| സംസ്ഥാനതല പരീക്ഷ | - 2022 നവംബർ 13, 26, 27 |
| രജിസ്ട്രേഷൻ ആരംഭിക്കുന്നത് | - 2022 ജൂൺ 1 |
| രജിസ്ട്രേഷൻ അവസാനിക്കുന്നത് | - 2022 ജൂലൈ 31 |

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 8/2022* **വിരമിച്ച അദ്ധ്യാപക അനദ്ധ്യാപകർക്ക് ആദരം**

2019-20, 2020-21 വർഷങ്ങളിൽ സർവീസിൽ നിന്നും വിരമിച്ച അദ്ധ്യാപക-അനദ്ധ്യാപകർക്ക് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആശംസകളർപ്പിച്ച് ഉപഹാരങ്ങൾ നൽകി. രൂപതാ വികാരി ജനറാൾമാരായ മോൺ. പയസ് മലേക്കണ്ടത്തിൽ, മോൺ. ഫ്രാൻസിസ് കീരംപാറ, മുൻ എഡ്യൂക്കേഷൻ സെക്രട്ടറിമാരായ ഫാ. സ്റ്റാൻലി കുന്നേൽ, ഫാ. കുര്യാക്കോസ് കൊടകല്ലിൽ എന്നിവർ സംബന്ധിച്ചു.

*Edn. 9/2022* **വിജയാശംസകൾ**

SSLC, Plus Two പരീക്ഷകൾ ഈ മാസം നടക്കും. പരീക്ഷയ്ക്കായി ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

*Secretary*

# നിർമ്മല കോളേജ് ഓഫ് ഫാർമസി

*NCP 1/2022* **ലാബ് ടെക്നീഷ്യൻ – നിർമ്മല കോളേജ് ഓഫ് ഫാർമസി**

നിർമ്മല കോളേജ് ഓഫ് ഫാർമസിയിലേയ്ക്ക് ലാബ് ടെക്നീഷ്യൻ ഒഴിവിലേക്ക് D.Pharm /B.Pharm ലേക്ക് യോഗ്യതയുള്ള (freshers & experienced) ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ ഏപ്രിൽ 5-ന് മുമ്പ് അപേക്ഷിക്കുക.

കൂടുതൽ വിവരങ്ങൾക്ക് : The Administrator,
Ph. 9447292536
Email: nip_mvpa@yahoo.co.in

*Director*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.2 /2022* **സിവിൽ സർവീസ് കോച്ചിംഗിനായി Diocesan സ്കോളർഷിപ്പ്**

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Civil Service Coaching നടത്തുന്ന പ്രശസ്തമായ ALS Academy-യും കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിലുള്ള Nirmala Civil Service Academy-യും സംയുക്തമായി സിവിൽ സർവീസ് പരീക്ഷയ്ക്ക് കുട്ടികൾക്ക് 'Diocesan Scholarship' എന്ന പേരിൽ സ്കോളർഷിപ്പ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. 2022 മെയ് 08-ന് നടത്തുന്ന പ്രവേശനപരീക്ഷയുടെയും തുടർന്നു വരുന്ന ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ റാങ്ക് നിർണ്ണയം നടത്തിയാണ് സ്കോളർഷിപ്പ് നൽകുന്നത്. കോതമംഗലം, ഇടുക്കി രൂപതകളിലെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പരീക്ഷയിൽ പങ്കെടുപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

തീയതി : മെയ് 8 ഞായർ
സമയം : 11.00 am – 01.00 pm

സ്ഥലം : നിർമല സിവിൽ സർവീസ് അക്കാദമി മൂവാറ്റുപുഴ (MCA Block, Nirmala College)

പഠനഭാഗം : GK & Current Affairs 70%, കാറ്റിക്കിസം 11, 12 ക്ലാസുകൾ 30% (MCQ പരീക്ഷ)

**റാങ്കുകൾ**

**75% ഫീസിളവ്**

1 മുതൽ 10 വരെ റാങ്ക് നേടുന്ന കുട്ടികൾക്ക് 75% ഫീസിളവ് നൽകി മൂവാറ്റുപുഴ Nirmala Civil Service Academy-യിൽ പരിശീലനം നൽകുന്നു.

**50% ഫീസിളവ്**

പരീക്ഷയിൽ 75 % മാർക്കിൽ കൂടുതൽ നേടുന്ന കുട്ടികൾക്ക് 50% ഫീസിളവ് നൽകി മൂവാറ്റുപുഴ Nirmala Civil Service Academy-യിൽ പരിശീലനം നൽകുന്നു.

**33% ഫീസിളവ്**

പരീക്ഷയിൽ 60% മാർക്കിൽ കൂടുതൽ നേടുന്ന കുട്ടികൾക്ക് 33% ഫീസിളവ് നൽകി മൂവാറ്റുപുഴ Nirmala Civil Service Academy-യിൽ പരിശീലനം നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് : Fr Zacharias Kallidukkil
Ph. 8411914675, 7907119072 (Office)

*NiCSA.3 /2022* **കോളേജുകളുമായി ധാരണാപത്രം**

നിർമ്മല കോളേജ് മൂവാറ്റുപുഴ, പാവനാത്മ കോളേജ് മുരിക്കാശ്ശേരി എന്നീ കോളേജുകളുമായി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പിനുള്ള ധാരണാപത്രം ഒപ്പിട്ടു. വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ്സുകൾ നല്കുകയും ചെയ്തു.

*NiCSA.4 /2022* **ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് ക്ലാസ്സ് നയിച്ചു**

നമ്മുടെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർഥികൾക്കായി ബോർഡർ സെക്യൂരിറ്റി സംവിധാനങ്ങളെക്കുറിച്ച് ഇൻഡോ

ടിബറ്റൻ ബോർഡർ പൊലീസിലെ സൈനികർ ക്ലാസ്സ് നടത്തി. വിവിധ ആയുധങ്ങളും അവയുടെ ഉപയോഗവും വിദ്യാർത്ഥികൾക്കായി പരിചയപ്പെടുത്തി.

*NiCSA.5 /2022* **സിവിൽ സർവീസ് ഇന്റർവ്യൂ പരിശീലനം**

നിർമ്മല സിവിൽ സർവീസ് അക്കാദമിയും ALS IAS അക്കാദമി ന്യൂഡൽഹിയും സംയുക്തമായി നടത്തുന്ന സിവിൽ സർവീസ് ഇന്റർവ്യൂ പരിശീലനം ഏപ്രിൽ 3, 4, 5 തീയതികളിൽ തിരുവനന്തപുരത്ത് നടത്തുന്നു. Sri. K.P. Fabian IFS (Rtd. Ambassador to Italy, Iran), Sri. K. Mohandas IAS (Rtd. Foreign Secretary), Sri. A. Hemachandran IPS (Rtd. DGP) എന്നിവരടങ്ങുന്ന വിദഗ്ധ പാനലാണ് ഇൻറർവ്യൂവിന് നേതൃത്വം നൽകുന്നത്.

*NiCSA.6 /2022* **PSC പരിശീലനം ആരംഭിക്കുന്നു**

PSC റെഗുലർ ബാച്ച് പരിശീലനം ജൂൺ മാസത്തിൽ ആരംഭിക്കുന്നതാണ്. വിവിധ PSC പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന നമ്മുടെ യുവജനങ്ങളെ ഇതിൽ പങ്കെടുപ്പിക്കാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Administrator*

# സോഷ്യൽ സർവീസ്

*SS. 14/2022* **വനിതാദിനം ആചരിച്ചു**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വനിതാദിനാചരണം നടത്തി. ഇതിന്റെ ഭാഗമായി കീരംപാറ സ്നേഹസദനിലും, കാരക്കുന്നം പ്രോവിഡൻസ് ഹോമിലും KSSS ഡയറക്ടറും സ്റ്റാഫ് അംഗങ്ങളും സന്ദർശനം നടത്തി. അഗതികളെ പരിപാലിക്കുന്ന സിസ്റ്റേഴ്സിന് പൂച്ചെണ്ട് നൽകി ആദരിച്ചു. പ്രസ്തുത സ്ഥാപനങ്ങളിലേക്ക് ആവശ്യമായ നിത്യോപയോഗസാധനങ്ങൾ ഡയറക്ടർ സുപ്പീരിയർക്ക് കൈമാറി. വനിതാദിനാചരണത്തിന്റെ ഭാഗമായി മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയിലും കോതമംഗലം ധർമ്മഗിരി

ആശുപത്രിയിലും മാർച്ച് 8 വനിതാദിനത്തിൽ ജനിച്ച 12 കുട്ടികൾക്ക് ഡയറക്ടർ ഫാ. സിറിയക് ഞാളൂരും KLM ഡയറക്ടർ ഫാ. അരുൺ വലിയതാഴത്തും സ്റ്റാഫ് അംഗങ്ങളും ചേർന്ന് സമ്മാനങ്ങൾ നൽകി അനുമോദിച്ചു. കൂടാതെ സോഷ്യൽ സർവീസ് സൊസൈറ്റിയിലെ വനിതാ സ്റ്റാഫ് അംഗങ്ങളെ പൂച്ചെണ്ട് നൽകി ആദരിച്ചു. ജീവ മെഡിക്കൽസിന്റെ സഹകരണത്തോടെയാണ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചത്.

*SS. 15/2022* **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്**

ക്രെഡിറ്റ് യൂണിയനുകളെല്ലാം 2021-22 വർഷത്തെ ഓഡിറ്റിംഗ് ഏപ്രിൽ മാസത്തിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്. മുൻവർഷത്തെ ഓഡിറ്റിംഗ് പൂർത്തിയാക്കാനുള്ളവർ അതും ഏപ്രിലിൽ തന്നെ പൂർത്തീകരിക്കണം. നമ്മുടെ സംഘടനകളുടെ എല്ലാം കണക്കുകളും റിപ്പോർട്ടും പ്രത്യേക സോഫ്റ്റ്‌വെയറിനുകീഴിൽ കൊണ്ടുവരുന്നതിനാൽ ഓഡിറ്റിംഗ് നടത്താത്തവർക്ക് തുടർപ്രവർത്തനങ്ങൾ തടസ്സമായി വരും. അതിനാൽ ഈ കാര്യത്തിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

*SS. 16/2022* **ജൈവ ഉല്പന്നങ്ങൾ വില്പനയ്ക്ക്**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ബിഷപ്സ് ഹൗസ് കാമ്പസിൽ ജീവ നേഴ്സറിയോടു ചേർന്ന് പ്രവർത്തിക്കുന്ന ജീവ സ്റ്റോഴ്സിൽ വിഷരഹിതമായ ജൈവനിത്യോപയോഗ സാധനങ്ങൾ ലഭ്യമാണ്. അടുക്കളയിലേക്കാവശ്യമായ പൊടി ഐറ്റംസ്, വെളിച്ചെണ്ണ, പുട്ട്, അപ്പം, ഗോതമ്പ് പൊടി, കുടംപുളി, ഏലക്ക, റവ, ബേക്കറി സാധനങ്ങൾ തുടങ്ങിയവ ലഭിക്കുന്നതാണ്.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 16/2022* **പുലരിപ്പൂക്കൾ**

സി.എം.എൽ സംസ്ഥാന സമിതി 06-03-2022 ഞായറാഴ്ച 8.00 pm -ന് ഒരുക്കിയ കേരളത്തിലെ വിവിധ രൂപതകളിലെ നവവൈദി

കർ ഒരുമിച്ച 'പുലരിപ്പൂക്കൾ' എന്ന ഓൺലൈൻ സംഗമത്തിൽ കോത മംഗലം രൂപതാകുടുംബം പങ്കുചേർന്നു.

*CML 17/2022* **2020-2021 പ്രവർത്തനവർഷത്തിൽ കോതമംഗലം രൂപത കുടുംബത്തിന് സംസ്ഥാന തലത്തിൽ ലഭിച്ച നേട്ടങ്ങൾ**

സംസ്ഥാനത്തെ മികച്ച രൂപത - കോതമംഗലം
സംസ്ഥാനത്തെ മികച്ച മേഖലകൾ - കോതമംഗലം, മൂവാറ്റുപുഴ
സംസ്ഥാനത്തെ മികച്ച ശാഖകൾ - ആരക്കുഴ, രണ്ടാർ, തൊടുപുഴ

വിജയം കൈവരിച്ച ഏവർക്കും രൂപതാ കുടുംബത്തിന്റെ അനു മോദനങ്ങൾ.

*CML 18/2022* **കുരിശിന്റെ വഴിയേ**

പുണ്യങ്ങൾ പൂക്കുന്ന ഈ നോമ്പിന്റെ നാളുകളിൽ അവിടത്തെ പീഡാനുഭവത്തെ ധ്യാനിക്കാൻ രൂപതാ സി.എം.എൽ. കുടുംബത്തിന്റെ നേതൃത്വത്തിൽ രൂപതയിൽ 112 ശാഖകൾ ഒന്നുചേർന്ന് മാർച്ച് 20, 27 തീയതികളിൽ വൈകിട്ട് 4.00 pm -ന് ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം നടത്തി പ്രാർത്ഥിച്ചു.

*CML 19/2022* **മാനേജിംഗ് കമ്മിറ്റി**

സി.എം.എൽ. രൂപതാ മാനേജിംഗ് കമ്മിറ്റി 12-03-2022 ശനിയാഴ്ച 8.30 pm -ന് നടത്തി.

*CML 20/2022* **Illume 2021-22**

രൂപതാതലത്തിൽ നടത്തപ്പെടുന്ന "Illume 2021-22" മാറിക, വെട്ടി മറ്റം എന്നീ ശാഖകളിൽ നടത്തപ്പെട്ടു.

*CML 21/2022* **ധ്യാനം**

മെയ് മാസം 9, 10, 11 തീയതികളിൽ 8, 9, 11 ക്ലാസ്സിലെ കുട്ടികൾക്കും മെയ് 30, 31, ജൂൺ 1 തീയതികളിൽ 10, 12 ക്ലാസ്സിലെ കുട്ടികൾക്കും NESTT-ൽ താമസിച്ചുള്ള ധ്യാനം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് : റവ. ഫാ. വർഗീസ് പാറമേൽ
ഡയറക്ടർ സി.എം.എൽ., ഫോൺ 8547848309

*Director*

# കെ.സി.എസ്.എൽ.

*KCSL. 12/2022* **പുസ്തകപ്രകാശനം**

കോതമംഗലം സെന്റ് അഗസ്റ്റിൻ സ്കൂൾ, മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കന്ററി സ്കൂൾ, പൈങ്ങോട്ടൂർ സെന്റ് ജോസഫ് സ്കൂൾ, തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് സ്കൂൾ എന്നിവിടങ്ങളിൽ പുസ്തകപ്രകാശനം നടത്തി. ഇതിൽ സഹകരിച്ച എല്ലാ സ്കൂളുകൾക്കും അഭിനന്ദനവും നന്ദിയും.

*KCSL. 13/2022* **ആനിമേറ്റേഴ്സ് സംഗമം**

മാർച്ച് 12-ാം തീയതി നെസ്റ്റിൽ വച്ച് രണ്ടാമത് ആനിമേറ്റേഴ്സ് സംഗമം നടന്നു. 2021-22 പ്രവർത്തന വർഷത്തിൽ നടത്തിയ മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനം നൽകി. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്ത ഈ മീറ്റിംഗിൽ ഡയറക്ടർ ഫാ. വർഗീസ് പാറമേൽ സ്വാഗതം ആശംസിക്കുകയും പ്രസിഡന്റ് ശ്രീ. ജിജോ മാനുവൽ അദ്ധ്യക്ഷത വഹിക്കുകയും സ്റ്റേറ്റ് പ്രസിഡന്റ് ശ്രീ. ബേബി തദേവൂസ് ക്രൂസ് മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. ഈ മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ആനിമേറ്റേഴ്സിനും കുട്ടികൾക്കും അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

*Director*

# ഫാമിലി അപ്പോസ്തലേറ്റ്

*FA 7/2022* **ഫമിലിയ ക്വിസ്**

കോവിഡിനോടനുബന്ധിച്ച് മാറ്റിവച്ച ഫമിലിയ ക്വിസ് മെയ് മാസത്തിൽ നടത്താൻ ആഗ്രഹിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. വിഷയം - **'സ്നേഹത്തിന്റെ സന്തോഷം'** എന്ന ഫ്രാൻസീസ് പാപ്പയുടെ

അപ്പസ്തോലിക പ്രബോധനം - മാർക്ക് 80%
പൊതുവിജ്ഞാനം - മാർക്ക് 20%

2. **ക്വിസ് മത്സരം ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ**

3. **മത്സരം മൂന്നു കാറ്റഗറി തിരിച്ച്**

- A. കുട്ടികൾ - 17 വയസ്സുവരെ ഉള്ളവർ
- B. യുവജനങ്ങൾ - 17 മുതൽ 30 വയസ്സുവരെ ഉള്ളവർ
- C. മുതിർന്നവർ - 30 വയസ്സിന് മുകളിലുള്ളവർ

4. **ഇടവകാതലമത്സരം : 2022 മെയ് 01 ഞായർ 02.30 pm**

- ഇടവകതലത്തിലുള്ള മത്സരം ബഹു. വികാരിയച്ചന്റെയും ഫാമിലി അപ്പോസ്തലേറ്റ് ആനിമേറ്റേഴ്സിന്റെയും നേതൃത്വത്തിൽ നടത്തണം.
- മത്സരത്തിനുള്ള ചോദ്യപേപ്പർ രൂപതാ ഓഫീസിൽ നിന്നും നൽകുന്നതാണ്.
- ഓരോ കാറ്റഗറിയിലും എത്ര ചോദ്യപേപ്പർ വേണമെന്ന് 2022 ഏപ്രിൽ 15-നു മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.
- ഓരോ കാറ്റഗറിയിൽ നിന്നും 2 പേരെ വീതം ഫൊറോന തലത്തിലേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.
- ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മെയ് 8-നു മുമ്പ് ഫൊറോനയിലും രൂപതാ ഓഫീസിലും എത്തിക്കേണ്ടതാണ്.

5. **ഫൊറോനതല മത്സരം, 2022 മെയ് 15 ഞായർ 02.30 pm**

- മത്സരം ബഹു. ഫൊറോന ഡയറക്ടറുടെയും ആനിമേറ്ററിന്റെയും നേതൃത്വത്തിൽ നടത്തണം.
- ഓരോ കാറ്റഗറിയിൽ നിന്നും 2 പേരെ വീതം രൂപതാതലത്തിലേക്ക് തിരഞ്ഞെടുത്ത് അവരുടെ പേരുവിവരം മെയ് 22-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

6. **രൂപതാതലമത്സരം**

തീയതി - 2022 മെയ് 29 ഞായറാഴ്ച 02.30 pm
സ്ഥലം - നെസ്റ്റ് പാസ്റ്ററൽ സെന്റർ

7. **സമ്മാനങ്ങൾ ഓരോ കാറ്റഗറിയിലും**

| | | |
|---|---|---|
| 1–ാം സമ്മാനം | – | ₹ 5001 |
| 2–ാം സമ്മാനം | – | ₹ 3001 |
| 3–ാം സമ്മാനം | – | ₹ 2001 |

രൂപതാതലത്തിൽ മത്സരിക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

NB. 'സ്നേഹത്തിന്റെ സന്തോഷം' എന്ന പുസ്തകം രൂപതാ ഓഫീസിൽ നിന്നും ലഭ്യമാണ്.

*FA 8/2022* **ജൂബിലി ദമ്പതി സംഗമം**

വിവാഹിതരായി 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവർക്ക് ആശംസകൾ നേരാനും ആദരിക്കാനുമായി ഒക്ടോബർ മാസത്തിൽ ഒരുമിച്ചു കൂടുന്ന പതിവുണ്ടല്ലോ. എന്നാൽ ഈ വർഷം കുടുംബ വർഷത്തോടനുബന്ധിച്ച് ജൂൺ 11 ശനിയാഴ്ച നടത്താൻ ആഗ്രഹിക്കുന്നു. 1972, 1997 വർഷങ്ങളിൽ വിവാഹിതരായ ദമ്പതികളുടെ പേരുവിവരവും ദമ്പതികൾ ഒരുമിച്ചുള്ള ഫോട്ടോയും ഏപ്രിൽ 30–ന് മുമ്പ് NESTT ഓഫീസിൽ എത്തിക്കുമല്ലോ.

*FA 9/2022* **പ്രീ മാര്യേജ് കോഴ്സ്**

| | | | |
|---|---|---|---|
| ഏപ്രിൽ | – | 06, 07, 08 | NESTT |
| | | 22, 23, 24 | NESTT |
| മെയ് | – | 11, 12, 13 | NESTT |
| | | 27, 28, 29 | NESTT |

*Director*

# പിതൃവേദി

*PV 4/2022* **പുതിയ യൂണിറ്റ് – ആനിക്കാട്**

പിതൃവേദിയുടെ ഒരു യൂണിറ്റ് ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ആരംഭിച്ചു. 13–03–2022 ഞായറാഴ്ച്ച 7.00 മണിയുടെ വി. കുർബാനയ്ക്കുശേഷം നടന്ന യോഗത്തിൽ ബഹുമാനപ്പെട്ട

വികാരി ഫാ. ജോർജ് വള്ളോംകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ അസിസ്റ്റന്റ് വികാരി ഫാ. ജോസ് താണിക്കൽ സന്നിഹിതനായിരുന്നു. വികാരിയച്ചന്റെ സ്വാഗത പ്രസംഗത്തിനുശേഷം രൂപതാ സെക്രട്ടറി ശ്രീ. സാബു പിതൃവേദിയുടെ പ്രവർത്തന മേഖലകളെപ്പറ്റി സംസാരിച്ചു. തുടർന്ന് രൂപതാ പ്രസിഡന്റ് പ്രൊഫ. ജോസ് എബ്രാഹം നിയമാവലിയെയും പിതൃവേദിക്ക് ഇടപെടാവുന്ന വിവിധ മേഖലകളെയും പിതൃവേദിയുടെ ആവശ്യകതയെയുംപറ്റി വിശദമായി സംസാരിച്ചു.

അതിനുശേഷം നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. ലിജോ മടേക്കൽ പ്രസിഡന്റായും ശ്രീ. ജോഷി മാപ്പിളമാട്ടേൽ വൈസ് പ്രസിഡന്റായും ശ്രീ. ഷിബു നിരപ്പേൽ സെക്രട്ടറി ആയും ശ്രീ. റെജി തോട്ടുങ്കൽ ജോയിന്റ് സെക്രട്ടറിയായും ശ്രീ. ബേബി പുത്തൻപുരയിൽ ട്രഷറർ ആയും അഞ്ചംഗ ഭരണസമിതിയെ തിരഞ്ഞെടുത്തു. കൂടാതെ ഓരോ വാർഡിൽ നിന്നും ഓരോ അംഗത്തെ കമ്മറ്റിയിലേക്ക് നോമിനേറ്റു ചെയ്തു. ബഹു. വികാരിയച്ചന്റെ നന്ദിയോടു കൂടി യോഗം പര്യവസാനിച്ചു.

*Director*

---

# മാതൃവേദി

---

## *MV 8/2022* **ബൈബിൾ പകർത്തി എഴുത്തു മത്സരം**

ഏപ്രിൽ 1 മുതൽ എഴുതി തുടങ്ങി ജൂൺ 30-നകം എഴുത്ത് പൂർത്തീകരിക്കണം.

നിബന്ധനകൾ താഴെ ചേർക്കുന്നു:

1. ബൈബിളിനോട് ഏറ്റവും സാദൃശ്യം ഉള്ളതായിരിക്കണം.
2. ബൈബിളിൽ ഉള്ള ആമുഖം മാത്രമേ എഴുതാൻ പാടുള്ളൂ.
3. ബൈബിളിന്റെ പുറം കവർ മത്സരത്തിൽ പരിഗണിക്കുന്നതല്ല.
4. ഒരാൾ തന്നെ ഒരു കളർ മഷി കൊണ്ട് എഴുതേണ്ടതാണ്.

**കുടുംബ ബൈബിൾ നിബന്ധനകൾ**

1. കുടുംബത്തിലെ അപ്പൻ, അമ്മ, 5-ാം ക്ലാസ്സിനു മുകളിൽ പഠിക്കുന്ന കുട്ടികൾ എല്ലാവരും ഇതിൽ പങ്കെടുക്കണം.
2. എല്ലാവരും തുല്യ അളവിൽ ആയിരിക്കണം ബൈബിൾ എഴുതേണ്ടത്.
3. ഇതിൽ പങ്കെടുക്കുന്നവർക്കും വ്യക്തിഗത ബൈബിൾ കൈയെഴുത്തിൽ പങ്കെടുക്കാം.
4. രജിസ്ട്രേഷൻ ഫീസ് 50 രൂപ ആയിരിക്കും.
5. നാലു കാറ്റഗറികൾ ആയിട്ടാണ് മത്സരം നടത്തുന്നത്.
   1. A. CATEGORY - അമ്മമാർ
      സങ്കീർത്തനങ്ങൾ, റൂത്ത്
   2. B. CATEGORY - പിതാക്കന്മാർ
      സങ്കീർത്തനങ്ങൾ, തോബിത്
   3. C. CATEGORY - കുട്ടികൾ & യുവജനങ്ങൾ
      സങ്കീർത്തനങ്ങൾ, ജോബ്
   4. D. CATEGORY - കുടുംബം
      സങ്കീർത്തനങ്ങൾ, മക്കബായർ

*MV 9/2022* **വാർഷികസെനറ്റ്**

മാർച്ച് 31-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി സെനറ്റ് മീറ്റിംഗ് കൂടി കഴിഞ്ഞ പ്രവർത്തന വർഷത്തിലെ റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിച്ചു.

*MV 10/2022* **നോമ്പുകാലപ്രാർത്ഥനായജ്ഞം**

ഈ നോമ്പുകാലത്ത് മാതൃവേദിയിലെ അമ്മമാർ ഒന്നുചേർന്ന് 2,00,000 കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്കാനും വെള്ളിയാഴ്ചകളിൽ 3 മുതൽ 4 വരെയുള്ള സമയത്ത് ഓൺലൈൻ ആയിട്ട് കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കാനും തീരുമാനിച്ചു.

*MV 11/2022* **ആദരാഞ്ജലികൾ**

മാതൃവേദി മുൻ രൂപത ഡയറക്ടർ ഫാ. ജോർജ് മലേപ്പറമ്പിലിന്റെ വേർപാടിൽ മാതൃവേദി കുടുംബം ആദരാഞ്ജലികൾ അർപ്പിച്ചു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

## *DFC 9/2022* രൂപത എക്സിക്യൂട്ടീവ് യോഗം

08-03-2022-ൽ പൈങ്ങോട്ടൂർ പള്ളി ഹാളിൽ വച്ച് DFC രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. പൈങ്ങോട്ടൂർ ഫൊറോനയിൽ ദീപികയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച ബഹുമാനപ്പെട്ട ജോസ് മോനിപ്പിള്ളിൽ അച്ചനെയും ശ്രീ. ലോറൻസ് അബ്രാഹം ഏനാനിക്കലിനെയും മെമെന്റോകൾ നല്കി ആദരിച്ചു.

രൂപത സമിതിയിൽ ഒഴിവു വന്ന വനിതാവിഭാഗം ജോ. സെക്രട്ടറിയായി നെല്ലിമറ്റം ഇടവകാംഗം ശ്രീമതി ബെറ്റി കോരച്ചൻ കാക്കനാട്ടിനെ തിരഞ്ഞെടുത്തു.

## *DFC 10/2022* ഫൊറോന സമിതി യോഗം

DFC ഊന്നുകൽ ഫൊറോന സമിതിയുടെ യോഗം 18-02-2022-ന് ഊന്നുകൽ ലിറ്റിൽ ഫ്ളവർ ഫൊറോന പള്ളി ഹാളിൽ വച്ച് ചേർന്ന് മഹാമാരിയെ തുടർന്ന് മുടങ്ങിക്കിടന്ന പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും എല്ലാ ഇടവകകളിൽ നിന്നും പ്രമോട്ടർമാരെ കണ്ടെത്തുന്നതിനും തീരുമാനിച്ചു.

## *DFC 11/2022* ആദരാഞ്ജലികൾ

ബൈക്ക് അപകടത്തിൽ നിര്യാതനായ ദീപിക തൊടുപുഴ ഏരിയ ബിസിനസ് മാനേജർ ജിയോ ജോർജിന്റെ മൃതസംസ്കാര വേളയിൽ രൂപതാഡയറക്ടർ ജോസ് കിഴക്കേൽ അച്ചന്റെ നേതൃത്വത്തിൽ രൂപതാ സമിതി അംഗങ്ങൾ 26-02-2022-ൽ പൂഞ്ഞാർ മുക്കുഴിയിലുള്ള ഭവനത്തിൽ എത്തി റീത്ത് സമർപ്പിച്ച് അനുശോചനം അറിയിച്ചു പരേതന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നു.

*Co-ordinator*

# യുവദീപ്തി - KCYM

*YD 10/2022* **WAVE (We Are Vibrant & Empowered)**

കോതമംഗലം രൂപതയിലെ വനിതകൾക്കായി ലോക വനിതാ ദിനത്തോടനുബന്ധിച്ച് യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപതാതല വനിതാസംഗമം WAVE 2022 മാർച്ച് 13-ന് മുതലക്കോടം സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ചു നടത്തി. രൂപത വൈസ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗം ഡോ. സോണി ജയിംസ് (പീഡിയാട്രീഷ്യൻ) ഉദ്ഘാടനം ചെയ്തു. ഭാരതമാതാ കോളേജ് മുൻ സാമ്പത്തിക ശാസ്ത്ര വിഭാഗം മേധാവി ഡോ. കൊച്ചു റാണി ജോസഫ് ക്ലാസ്സ് നയിച്ചു.

വനിതാസംഗമത്തിൽ പങ്കെടുത്ത എല്ലാ സുഹൃത്തുക്കളെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകമായി മുതലക്കോടം ഫൊറോനയ്ക്കും ആതിഥേയത്വം വഹിച്ച മുതലക്കോടം യൂണിറ്റിനും ബഹുമാനപ്പെട്ട വൈദികർക്കും യൂണിറ്റ് ഭാരവാഹികൾക്കും രൂപതസമിതിയുടെ നന്ദി.

*YD 11/2022* **തീർത്ഥാടനം**

ഏപ്രിൽ മാസം രൂപതാസമിതി അംഗങ്ങൾ കുരിശുമല തീർത്ഥാടനം നടത്തുന്നു. താല്പര്യമുള്ള ഫൊറോന ഭാരവാഹികൾക്ക് തീർത്ഥാടനത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾ സർക്കുലർവഴി അറിയിക്കുന്നതാണ്.

*YD 12/2022* **നോമ്പുകാലത്ത് നമുക്ക് ഒരുമിച്ചു പ്രാർത്ഥിക്കാം**

നോമ്പുകാലത്തെ എല്ലാ ശനിയാഴ്ചകളിലും ഫൊറോന ഭാരവാഹികളും രൂപതാഭാരവാഹികളും ഒരുമിച്ച് കുരിശിന്റെ വഴി പ്രാർത്ഥന വൈകിട്ട് 6.45 മുതൽ 7.15 വരെ ഗൂഗിൾമീറ്റ് വഴി നടത്തി വരുന്നു. ഓരോ ശനിയാഴ്ചകളിലും ഫൊറോന ഭാരവാഹികളുടെ നേതൃത്വത്തിലാണ് പ്രാർത്ഥന കൂട്ടായ്മ നടത്തിവരുന്നത്.

*Director*

# ജീസസ് യൂത്ത്

## *JY 17/2022* Central Prayer Group ( CPG)

എല്ലാ ആഴ്ചയിലും കോതമംഗലത്ത് വച്ചു നടന്നുകൊണ്ടിരുന്ന CPG പുനരാരംഭിച്ചു. ഓൺലൈനിൽ നിന്നും മാറി എല്ലാവർക്കും ഒത്തുകൂടാനും ഒന്നിച്ച് പ്രാർത്ഥിക്കുവാനും CPG ഉപകരിക്കുന്നു. എല്ലാ ചൊവ്വാഴ്ച ദിവസവും വൈകുന്നേരമാണ് കോതമംഗലത്ത് CPG നടത്തപ്പെടുന്നത്.

## *JY 18/2022* Teens of Christ

ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തപ്പെട്ടു.

പ്രാർത്ഥിച്ച് ഒരുങ്ങി പരീക്ഷകളെ അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനാണ് ഈ പരീക്ഷ ഒരുക്ക പ്രാർത്ഥന. നമ്മുടെ രൂപതാധ്യക്ഷനായ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ സാന്നിധ്യത്തോടെയും ആശീർവാദത്തോടെയും ആരംഭിച്ച ഈ പരീക്ഷ ഒരുക്ക പ്രാർത്ഥന നയിച്ചത് ബ്ര. ശശി ഇമ്മാനുവേൽ ആണ്. 2022 മാർച്ച് 5-ന് വൈകിട്ട് 5.15 pm മുതൽ 7.00 pm വരെ Zoom Application വഴിയാണ് പരീക്ഷ ഒരുക്ക പ്രാർത്ഥന നടന്നത്. നൂറുകണക്കിന് വിദ്യാർഥികൾക്ക് പരീക്ഷ ഒരുക്ക പ്രാർത്ഥനയുടെ ഭാഗമാകാൻ സാധിച്ചു.

## *JY 19/2022* Zonal Night Vigil

മാർച്ച് മാസം നൈറ്റ് വിജിൽ മൂവാറ്റുപുഴ NESTT -ൽ വച്ച് നടത്തപ്പെട്ടു. ഇരുപതിൽപരം ആളുകൾക്ക് സോണൽ നൈറ്റ് വിജിലിന്റെ ഭാഗമാകാൻ സാധിച്ചു.

## *JY 20/2022* VOLT ( Venture of Love and Togetherness )

ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന VOLT പല കാമ്പസുകളുടെ ഒരു ഒത്തുചേരൽ ആയിരുന്നു. ഈശോയുടെ നാമ

ത്തിൽ ഒത്തുചേരാനും ഈശോയോടൊപ്പം ആഘോഷിക്കാനും ഉള്ള ഒരു അവസരം ആയിരുന്നു ഇത്. അമ്പതിൽപരം വിദ്യാർത്ഥികൾക്ക് VOLT-ന്റെ ഭാഗമാകാൻ സാധിച്ചു. മാർച്ച് 12 -ന് നിർമ്മല കോളേജിൽ വച്ചാണ് VOLT നടത്തപ്പെട്ടത്.

*JY 21/2022* **Jesus Youth Formation**

ജീസസ് യൂത്ത് ഫോർമേഷന്റെ ആദ്യപടിയായ ഫിലിപ്പോസ് കോഴ്സ് നമ്മുടെ സോണിൽ മാർച്ച് 11, 12, 13 തീയതികളിൽ നടത്തപ്പെട്ടു. നമ്മുടെ സോണിൽ നിന്നും മറ്റു പല സോണുകളിൽ നിന്നുമായി 35-ൽപരം വ്യക്തികൾ ഫോർമേഷൻ കോഴ്സിന്റെ ഭാഗമായി.

*JY 22/2022* **Crosswise**

ഈശോയുടെ പീഡാസഹനങ്ങളെ ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന നോമ്പുകാലത്ത് ജീസസ് യൂത്ത് കോതമംഗലം സോൺ ഒരുക്കുന്ന മീങ്കുന്നം തിരുരക്തമല തീർത്ഥാടനം മാർച്ച് 26 ശനിയാഴ്ച നടത്തപ്പെടുന്നു. ഏറ്റവും സ്നേഹത്തോടെ എല്ലാവരെയും ക്ഷണിക്കുന്നു.

*Animator*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 17/2022* **സബ്സോൺ കൂട്ടായ്മാ സന്ദർശനം**

ഇടവക പ്രാർത്ഥനാ കൂട്ടായ്മകളുടെ നേതൃ പുനഃസംഘടന ഏകീകൃത സ്വഭാവത്തോടെ നടത്തുന്നതിന് ഉതകുന്നതിലേയ്ക്ക് സോൺ സേവന സമിതിയംഗങ്ങൾ ആനിമേറ്ററച്ചന്റെ നേതൃത്വത്തിൽ സബ് സോൺ കൂട്ടായ്മകൾ സന്ദർശിക്കുന്നു. 12-03-22-ന് മൂവാറ്റുപുഴ സബ്സോൺ കൂട്ടായ്മാ സന്ദർശനത്തോടെ തുടക്കമിട്ട്, 22-03-22 തൊടുപുഴ, 25-03-22 കോതമംഗലം, 28-03-22 പൈങ്ങോട്ടൂർ, 29-03-22 ഊന്നുകൽ, 30-03-22 മാറിക, 02-04-22 വാഴക്കുളം എന്നിങ്ങനെ ക്രമീകരിച്ചിരിക്കുന്നു.

*PG 18/2022* **പ്രാർത്ഥനാ കൂട്ടായ്മകളുടെ നേതൃ പുനഃസംഘടന**

8 സബ് സോൺ സേവന സമിതികളുടെ നേതൃത്വത്തിൽ ഇടവക പ്രാർത്ഥനാ കൂട്ടായ്മകളുടെ പുനഃസംഘടന നടന്നു വരുന്നു. നേതൃ പുനഃസംഘടന ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

*PG 19/2022* **കാരക്കുന്നം ശുശ്രൂഷകൾ**

01-04-22, ആദ്യ വെള്ളിയാഴ്ച, വൈകിട്ട് 5 മണി മുതൽ 9 മണി വരെ രാത്രി ആരാധനയും 25-03-22, 08-04-22, 15-04-22 എന്നീ വെള്ളി യാഴ്ചകളിൽ രാവിലെ 9.30 മുതൽ 1.30 വരെ അർദ്ധദിന ശുശ്രൂഷകളും നടത്തപ്പെടുന്നതാണ്.

*PG 20/2022* **മദ്ധ്യസ്ഥ പ്രാർത്ഥന**

കാരക്കുന്നം ശുശ്രൂഷകൾക്കായും സോൺ, സബ്സോൺ, പ്രാർത്ഥനാ കൂട്ടായ്മ പുനഃസംഘടനക്കൊരുക്കമായും എല്ലാ ബുധ നാഴ്ചകളിലും രാത്രി 9 മുതൽ 10 വരെ നടത്തപ്പെടുന്ന മദ്ധ്യസ്ഥ പ്രാർത്ഥന ഏപ്രിൽ മാസത്തിലും തുടരും. കൂടാതെ ഏപ്രിൽ മാസത്തെ സോൺ മദ്ധ്യസ്ഥപ്രാർത്ഥന 19-04-22 -ന് നടക്കുന്നതാണ്.

*PG 21/2022* **സോൺ സർവീസ് ടീം**

മാർച്ച് മാസത്തെ സോൺ സർവീസ് ടീം 05-04-22-ന് സോൺ ആനിമേറ്റർ ഫാ. ജോർജ്ജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ കാര ക്കുന്നത്ത് ഒരുമിച്ചു കൂടുന്നു.

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 4/2022*

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോതമംഗലം സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള വിവിധ ഏരിയ കൗൺസിലുകളുടെ നേതൃത്വത്തിൽ നിരവധി നിർധന കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗം

തെളിക്കാനായി പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. കടവൂർ സെന്റ് ജോർജ് കോൺഫറൻസ്, വേട്ടാമ്പാറ സെന്റ് സെബാസ്റ്റ്യൻസ് കോൺ ഫറൻസ് എന്നിവർ റണ്ണിംഗ് പ്രോജക്ട് ആയി നടത്തിവരുന്ന ആടുവ ളർത്തൽ (Goat Farming) പുനർവിതരണം നടത്തി. മുള്ളരിങ്ങാട് ലൂർദ്ദ് മാതാ കോൺഫറൻസ് പശുക്കിടാവിനെ നൽകി.

കീരംപാറ സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ്, ഇടവക യിലെ ഒരു കുടുംബത്തിന് വീട് നിർമ്മിച്ചു നൽകി. വികാരി റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

മാർച്ച് 8 ലോക വനിതാദിനത്തോടനുബന്ധിച്ച് ഊന്നുകൽ ലിറ്റിൽ ഫ്ളവർ വനിതാ കോൺഫറൻസിന്റെ നേതൃത്വത്തിൽ 15 കിടപ്പു രോഗികളെ പള്ളിയിൽ എത്തിച്ച് അവർക്ക് കുമ്പസാരത്തിനും ദിവ്യകാരുണ്യസ്വീകരണത്തിനും അവസരമൊരുക്കി. ലഘുഭക്ഷണം നൽകി അവരെ തിരികെ വീടുകളിൽ എത്തിച്ചു.

*Director*

# കേരള ലേബർ മൂവ്മെന്റ്

### *KLM 7/2022* പാലിയേറ്റീവ് പരിശീലനം

കേരളലേബർ മൂവ്മെന്റിന്റെയും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള പാലിയേറ്റീവ് വിഭാഗവുമായി ചേർന്ന് പാലിയേറ്റീവ് രോഗികളുടെ പരി ചരണത്തിനായുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പ ര്യമുള്ളവർ KLM-ന്റെ NESTT ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 9188778180

### *KLM 8/2022* കർഷക തൊഴിലാളി ഫോറം

കേരളാ ലേബർ മൂവ്മെന്റിന്റെ കീഴിലുള്ള കർഷക തൊഴിലാളി ഫോറത്തിന്റെ രൂപതാ തല സമ്മേളനം ഏപ്രിൽ വ്യാഴാഴ്ച ഉച്ചക ഴിഞ്ഞ് 2.00 pm -ന് NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രൂപതാ സോണൽ, യൂണിറ്റ് തലങ്ങളിലുള്ള ഫോറം ഭാരവാഹികൾ പങ്കെടുക്കണം.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| April 06 - 08 | - | Pre-Marriage Course |
| " 08 | - | Minor Orders |
| " 22 - 24 | - | Pre-Marriage Course |
| May 11 - 13 | - | Pre-Marriage Course |
| " 27 - 29 | - | Pre-Marriage Course |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Peringarappillil Sotter | **April** | 22 |
| " | Chemparathy George | " | 24 |
| " | Chettoor George | " | 24 |
| " | Edathala George | " | 24 |
| " | Kadukummackal George | " | 24 |
| " | Kapiarumala George | " | 24 |
| " | Karakunnel George | " | 24 |
| " | Kariamadam George | " | 24 |
| " | Kochuparambil George | " | 24 |
| " | Kurisummoottil George | " | 24 |
| Rev. Mgr. | Kurukkoor George | " | 24 |
| Rev. Fr. | Mandapathil Varkey | " | 24 |
| " | Marappillil George | " | 24 |
| " | Mulanjanany George | " | 24 |
| " | Mundackal George | " | 24 |
| " | Nedumkallel George | " | 24 |
| " | Nedungatt George | " | 24 |
| " | Nirappath George | " | 24 |
| " | Oliapuram George (Jr.) | " | 24 |

| | | | |
|---|---|---|---|
| Rev. Fr. | Oliapuram George (Sr.) | " | 24 |
| ” | Paramel Varghese | " | 24 |
| ” | Pallikunnel Georgy | " | 24 |
| ” | Parankimyalil George | " | 24 |
| ” | Peechanikunnel George | " | 24 |
| ” | Pottackal George | " | 24 |
| ” | Pullan George | " | 24 |
| ” | Thachil George | " | 24 |
| ” | Thadikkatt George | " | 24 |
| ” | Thanathuparambil George | " | 24 |
| ” | Thekkeattath George | " | 24 |
| ” | Thekkekara George | " | 24 |
| ” | Vadakel George | " | 24 |
| ” | Vallomkunnel George | " | 24 |
| ” | Vandanakara George | " | 24 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ഫെബ്രുവരി 2022**

21 ● മൂവാറ്റുപുഴ NESTT -ൽ വച്ചു നടന്ന ആരാധനാസന്യാസിനീ സമൂഹത്തിന്റെ Discussion Synaxis -നോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● പുലിയൻപാറ ഇടവകാംഗമായ കോയിക്കക്കുടി ചാക്കോച്ചൻ ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

● പള്ളിക്കാമുറി ഇടവകാംഗമായ നെടുമലയിൽ അബ്രാഹത്തിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

● കരിമണ്ണൂർ ഇടവകാംഗമായ അത്തിക്കൽ മറിയക്കുട്ടിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 ● തോപ്രാംകുടി വി. മരിയഗൊരേത്തി ദൈവാലയത്തിൽ ആദ്യ കുർബാനസ്വീകരണത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23 ● ബിഷപ്പ്സ് ഹൗസിൽ 2019–2020 വർഷത്തിൽ വിരമിച്ച അദ്ധ്യാപകരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്ത് ആശംസകളറിയിച്ചു.

24 ● സാൻജോ ഭവൻ CMC ധ്യാനകേന്ദ്രത്തിന്റെ 10–ാം വാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● ബിഷപ്പ്സ് ഹൗസിൽ 2020–2021 വർഷത്തിൽ വിരമിച്ച അദ്ധ്യാപകരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്ത് ആശംസകളറിയിച്ചു.

● ആരാധനാസന്യാസിനീ സമൂഹത്തിന്റെ കുണിഞ്ഞിയിലെ നവീകരിച്ച മഠം വെഞ്ചരിക്കുകയും ചാപ്പലിന്റെ കൂദാശാകർമ്മം നിർവഹിക്കുകയും ചെയ്തു.

25 ● സകലമരിച്ചവരുടെയും ഓർമ്മത്തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും സിമിത്തേരി സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

● കേരളസഭാ നവീകരണത്തോടനുബന്ധിച്ച് പി.ഒ.സി.–യിൽ നടന്ന ആലോചനായോഗത്തിൽ പങ്കെടുത്തു.

26 ● ഊന്നുകൽ പ്രൊവിൻഷ്യൽ ഹൗസിൽ സ്നേഹഗിരി സന്യാസിനീ സമൂഹത്തിലെ 5 പേരുടെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● ബിഷപ്പ്സ്ഹൗസിൽ നടന്ന മീറ്റിംഗിൽ വച്ച് മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ രജതജൂബിലി സ്മാരക സ്കോളർഷിപ്പിന് അർഹരായവർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു.

28 • കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും വിഭൂതിയുടെ തിരുക്കർമ്മങ്ങൾ പരികർമ്മം ചെയ്യുകയും ചെയ്തു.

• കോടിക്കുളം ഇടവക ബഹു. സെബാസ്റ്റ്യൻ പന്നാരക്കുന്നേലച്ചന്റെ പിതാവ് പി.ഡി. മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**മാർച്ച് 2022**

1 • ബിഷപ്പ്സ് ഹൗസിൽ ചേർന്ന ഫിനാൻസ് ഓഡിറ്റിംഗ് മീറ്റിംഗിൽ പങ്കെടുത്തു.

2 • ബിഷപ്പ്സ് ഹൗസിൽ ചേർന്ന ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

3 • കലൂർ സെന്റ് ജോൺസ് യു.പി. സ്കൂളിന്റെ ശതാബ്ദിയോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

4 • രൂപതാ പ്രാർത്ഥനാദിനത്തോടനുബന്ധിച്ച് പുലിയൻപാറ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• രൂപതാതല ആരക്കുഴ-മലേക്കുരിശ് തീർത്ഥാടനത്തിൽ പങ്കെടുക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

5 • ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പരീക്ഷാ ഒരുക്ക പ്രാർത്ഥനയിൽ അനുഗ്രഹപ്രഭാഷണം നൽകി.

6 • CMC സന്യാസിനീ സമൂഹാംഗമായ സി. ഫ്ളോറന്തീന ചൂരാപ്പുഴയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് വാഴക്കുളം മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

7 • ഓൺലൈനായി നടത്തപ്പെട്ട സെമിനാരി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

8 • ലോക വനിതാദിനത്തോടനുബന്ധിച്ച് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

• ബിഷപ്സ് ഹൗസിൽ നടന്ന രൂപതാതല DFC മീറ്റിംഗിൽ പങ്കെടുത്തു.

11 • ബിഷപ്സ് ഹൗസിൽ നടന്ന സ്കൂൾ മാനേജരച്ചന്മാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

• വാഴക്കുളം ആശ്രമത്തിൽ CMI സന്യാസസഭാംഗമായ ബഹു. കപ്യാരുമലയിൽ ജേക്കബ് മാർട്ടിൻ (പ്രസന്നഭായ്) അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

12 • NESTT -ൽ നടന്ന KCSL ആനിമേറ്റേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

• കോതമംഗലം CMI ആശ്രമത്തിൽ വച്ചു നടന്ന ബ്ര. പീറ്റർ പൂത്തറ CMI -യുടെ നവതി ആഘോഷത്തിൽ പങ്കെടുത്തു.

• ഓൺലൈനായി നടത്തപ്പെട്ട സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും സ്റ്റാഫ് സെക്രട്ടറിമാരുടെയും മീറ്റിംഗിൽ പങ്കെടുത്തു.

13 • മൈലക്കൊമ്പ് സെന്റ് തോമസ് ഫൊറോന ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

14 • കോതമംഗലം ഇടവകാംഗമായ പോത്താനിക്കാട്ട് (ഉണ്ണൂപ്പാട്ട്) ഡോ. കുര്യച്ചൻ ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• കേരളസഭാ നവീകരണത്തോടനുബന്ധിച്ച് പി.ഒ.സി.-യിൽ നടന്ന ആലോചനായോഗത്തിൽ പങ്കെടുത്തു.

15 • NESTT -ൽ നടന്ന പ്രീസ്റ്റ് സ്റ്റഡി ഫോറത്തിൽ പങ്കെടുത്തു.

• NESTT -ൽ നടന്ന അദ്ധ്യാപകരായ വൈദികർക്കുവേണ്ടി നടത്തപ്പെട്ട മീറ്റിംഗിൽ പങ്കെടുത്തു.

16 • NESTT ൽ നടന്ന പ്രീസ്റ്റ് സ്റ്റഡി ഫോറത്തിൽ പങ്കെടുത്തു.

17 • കരിമണ്ണൂർ സെന്റ് മേരീസ് ദൈവാലയത്തിൽ 40 മണി ആരാധനയുടെ സമാപനത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

• SD പ്രൊവിൻഷ്യൽ ഹൗസിൽ മാർ എഫ്രേം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോൺവൊക്കേഷനിൽ അദ്ധ്യക്ഷത വഹിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

• ജീവ മിൽക്കിൽ പുതുതായി സ്ഥാപിച്ച മെഷീന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു.

• കല്ലൂർക്കാട് കാട്ടാംകോട്ടിൽ ഏലിക്കുട്ടിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 • കേരളസഭാ നവീകരണത്തോടനുബന്ധിച്ച് POC -യിൽ നടന്ന ആലോചനായോഗത്തിൽ പങ്കെടുത്തു.

• സാധു ഇട്ടിയവിരയുടെ നൂറാം ജന്മദിനാഘോഷത്തിൽ പങ്കെടുത്തു.

• വി. യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് പെരിങ്ങുഴ സെന്റ് ജോസഫ് ദൈവാലയത്തിൽ നിർമ്മിച്ച 'പിതാപാത' വെഞ്ചരിച്ചു.

19 • തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിന്റെ മെത്രാഭിഷേക തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

20 • കാളിയാർ സെന്റ് റീത്താ ഫൊറോന ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

# Bishop's Engagements

## April 2022

| | | | |
|---|---|---|---|
| 02 | Sat | Holy Qurbana | NESTT |
| 03 | Sun | Pastoral Visit | Paingottoor |
| 4 - 6 | | Engaged | |
| 07 | Thu | Holy Qurbana FCC | Thodupuzha |
| 08 | Fri | Major and Minor orders | NESTT |
| 09 | Sat | 40 Hours Adoration | Cathedral |
| 10 | Sun | Palm Sunday | Malipara |
| 11 | Mon | Chrism Mass | Cathedral |
| 14 | Thu | Maundy Thursday | Cathedral |
| 15 | Fri | Good Friday | Njayapilly |
| 16 | Sat | Valiya Sani | Ezhalloor |
| 17 | Sun | Easter | Cathedral |
| 18 | Mon | Baptism | Marika |
| | | Clergy Commission Meeting | Kakkanad |
| 19 | Tues | Clergy Commission Meeting | Kakkanad |
| 20 | Wed | Presbyterium | NESTT |
| 21 | Thu | Kappela Blessing | Anicadu |
| 23 | Sat | Parish Feast | Muthalakodam |
| 24 | Sun | Holy Qurbana | Divine Mercy Shrine of Holy Mary, Thodupuzha |
| 25 | Mon | Vestition - SABS | Thodupuzha |
| 26 | Tues | Ordination - Dn. Nibin Kizhakkearackal | Kolady |

| | | | |
|---|---|---|---|
| | | Baptism | Nediasala |
| 27 | Wed | Ordination - | |
| | | Dn. Bibin Kochukarottu CMF | Pannimattam |
| 28 | Thu | Vestition | CMC Provincial House |
| 30 | Sat | Final Profession, Silver Jubilee | MSJ Generalate |
| | | Golden Jubilee | Thrikariyoor |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ മാളിയേക്കൽ | ചരമദിനം | 03-05-1988 |
| ഫാ. ചെറിയാൻ പുളിക്കൽ | ” | 04-05-1973 |
| ഫാ. പോൾ കുഴിക്കാട്ട് | ” | 05-05-1976 |
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ (Sr.) | ” | 06-05-1989 |
| ഫാ. മാത്യു കാക്കനാട്ട് (Sr.) | ” | 07-05-2006 |
| ഫാ. ജോസഫ് താഴത്തുവീട്ടിൽ | ” | 08-05-1977 |
| ഫാ. അഗസ്റ്റിൻ വട്ടക്കുഴി | ” | 08-05-1995 |
| ഫാ. വറുഗീസ് ചേറ്റൂർ | ” | 10-05-1959 |
| ഫാ. ജോർജ് മോനിപ്പിള്ളി | ” | 12-05-2005 |
| ഫാ. ജോർജ് കാരക്കുന്നേൽ | ” | 14-05-1986 |
| ഫാ. മാത്യു ഏനാനിക്കൽ | ” | 15-05-1980 |
| ഫാ. ജേക്കബ് തേവർപാടം (Sr.) | ” | 17-05-1985 |
| ഫാ. ജേക്കബ് വട്ടയ്ക്കാട്ട് | ” | 22-05-1999 |
| ഫാ. ജോസഫ് കൊച്ചുപറമ്പിൽ | ” | 25-05-2005 |
| ഫാ. പോൾ കാക്കനാട്ട് (Sr.) | ” | 27-05-1963 |
| ഫാ. ജോസഫ് മുണ്ടയ്ക്കൽ (Sr.) | ” | 29-05-2013 |
| ഫാ. ജോൺ മാതേയ്ക്കൽ | ” | 31-05-1995 |

# നിര്യാതരായി

## സി. ഫ്ളോറന്തീന CMC (ചൂരാപ്പുഴ)

| | | |
|---|---|---|
| ഇടവക | - | അരിക്കുഴ |
| ജനനം | - | 16-10-1928 |
| ആദ്യവ്രതം | - | 12-02-1951 |
| നിത്യവ്രതം | - | 02-01-1957 |
| മരണം | - | 05-03-2022 |
| മൃതസംസ്കാരം | - | 06-03-2022 (വാഴക്കുളം) |

## സി. സേവ്യർ MSJ (മോഴൂർ)

| | | |
|---|---|---|
| ഇടവക | - | പുളിങ്കുന്ന് |
| ജനനം | - | 01-11-1924 |
| ആദ്യവ്രതം | - | 02-10-1952 |
| നിത്യവ്രതം | - | 02-10-1958 |
| മരണം | - | 19-03-2022 |
| മൃതസംസ്കാരം | - | 21-03-2022 |

(ധർമഗിരി പ്രൊവിൻഷ്യൽ ഹൗസ്)

## സി. പ്രഭ FCC (മഞ്ചപ്പിള്ളിൽ)

| | | |
|---|---|---|
| ഇടവക | - | ഏഴല്ലൂർ |
| ജനനം | - | 04.01.1945 |
| ആദ്യവ്രതം | - | 11.01.1968 |
| നിത്യവ്രതം | - | 01.05.1974 |
| മരണം | - | 27.03.2022 |
| മൃതസംസ്കാരം | - | 28.03.2022 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി. ലെയോ FCC (കറുകപ്പറമ്പിൽ)

| | | |
|---|---|---|
| ഇടവക | - | ചങ്ങനാശ്ശേരി - കുറിച്ചി |
| ജനനം | - | 27-11-1922 |
| ആദ്യവ്രതം | - | 01-06-1950 |
| നിത്യവ്രതം | - | 08-05-1956 |
| മരണം | - | 27-03-2022 |
| മൃതസംസ്കാരം | - | 30-03-2022 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി.വിൻസെൻസ SABS (തെക്കുംതല)

| | | |
|---|---|---|
| ഇടവക | - | കൊരട്ടി |
| ജനനം | - | 12-09-1941 |
| ആദ്യവ്രതം | - | 24-04-1962 |
| നിത്യവ്രതം | - | 25-04-1966 |
| മരണം | - | 26-03-2022 |
| മൃതസംസ്കാരം | - | 27-03-2022 (മാറിക) |

# ആദരാഞ്ജലികൾ



## ഫാ. ജോർജ് മലേപറമ്പിൽ

| | | |
|---|---|---|
| ഇടവക | : | കരിമണ്ണൂർ |
| ജനനം | : | 29/08/1988 |
| തിരുപ്പട്ടം | : | 01/01/2015 |
| മരണം | : | 21/03/2022 |
| മൃതസംസ്കാരം | : | 24/03/2022 |

### സേവനരംഗങ്ങൾ

വൈസ് റെക്ടർ - ഡിവൈൻ മേഴ്സി ഷ്റൈൻ ഓഫ് ഹോളി മേരി

അസി. വികാരി - മാറിക, മൈലക്കൊമ്പ്

Priest in Charge - ഞാറക്കാട്

വികാരി - നെല്ലിക്കുഴി, മാതൃവേദി ഡയറക്ടർ,

എപ്പാർക്കിയൽ ട്രൈബ്യൂണൽ നോട്ടറി, Resident Priest - മാതിരപ്പിള്ളി

എപ്പാർക്കിയൽ ട്രൈബ്യൂണൽ ജഡ്ജ്

Deivarajyam
April 2022

R.N.7623/63
Registered No : KL/ALY/0020/2020-2022
Date Of Publication : 01/04/2022
Posted at Thodupuzha Stg.
Annual Subscription ₹100

EPARCHY OF KOTHAMANGALAM
To have life in abundance
ESTD 1956

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691,
Kerala, India
www.eparchyofkothamangalam.com
www.carlotv.com
eparchyofkothamangalam

SCAN NOW

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691